പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 36 ലക്കം ഡിസംബർ 2017 വാർഷിക വരിസംഖ്യ ₹ 100

പുതുവത്സര-ദനഹാത്തിരുനാൾ ആശംസകൾ



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന**
**പ്രത്യാശ ഞങ്ങൾക്ക് നല്കണമേ.**

ഉദ്യാനത്തിൽ മനോഹരമായ മണവറ ഒരുക്കിയിരുന്നു.
എന്നാൽ സർപ്പം അത് നശിപ്പിച്ചു.
ഒരിക്കൽ സുന്ദരരായിരുന്നവർ സമാശ്വസിക്കാനായി,
അതിന്റെ സ്ഥാനത്ത് മാമ്മോദീസാ സൂര്യപുത്രിയെ നല്കി....
വഴിതെറ്റിപ്പോയവർ, മനുഷ്യരെ സ്നേഹിക്കുന്ന
ദൈവത്തിന് സുന്ദരരാകുന്നതിനും
അവന്റെ പ്രകാശത്തിൽ പ്രവേശിച്ച് അവനോടു
ചേരുന്നതിനും, ഇതാ, കാരുണ്യം
അവരെ അനുദിനം സ്നാനജല
കവാടത്തിലേക്ക് ക്ഷണിക്കുന്നു
(മാർ അപ്രേം, സ്നാനഗീതങ്ങൾ)

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 36 | ദനഹാ ലക്കം | ഡിസംബർ 2017

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- കർത്താവിന്റെ ദനഹാ: വെളിപാടിന്റെ ആഘോഷം 5
- സഭാജീവിതം: സ്നേഹശുശ്രൂഷാജീവിതം 8
- തമ്പുരാനു പ്രിയപ്പെട്ടവരാകാം 10
- നിങ്ങളുടെ രക്ഷ നിങ്ങളുടെ വിശ്വാസത്തിൽ 12
- പ്രലോഭനങ്ങൾ വിശ്വാസജീവിതത്തിന്റെ ഉരകല്ല് 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- അരികിലണയ്ക്കാൻ ഒരു ജന്മം 20
- സ്നേഹം: പഠനവും പാഠവും 22
- ടെൻഷൻ ടെൻഷൻ സർവ്വത്ര.... 23
- വാർദ്ധക്യത്തെ വസന്തമാക്കണം 25
- സെനക്കിൾ തരംഗം 29
- ദൈവം അദൃശ്യനാണോ 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# ഇന്നും ജീവിക്കുന്ന ദൈവം

സംഹാരതാണ്ഡവമാടിയ ഓഖിയുടെ ഭീകരതയിൽനിന്നും പ്രശ്ന ബാധിതദേശങ്ങൾ ഇനിയും മുക്തമായിട്ടില്ല. മരണത്തിന്റെ കരാളഹസ്ത ങ്ങളിൽനിന്നും കഷ്ടിച്ചു രക്ഷപെട്ടവർക്ക് തങ്ങളെ രക്ഷിച്ചവർ ദൈവ ത്തിന്റെ പ്രതിബിംബങ്ങളാണ്. ആവശ്യങ്ങളിൽ സഹായമെത്തിക്കുന്നവരും സാന്ത്വനപ്പെടുത്തുന്നവരുമെല്ലാം അവർക്ക് ദൈവത്തിന്റെ സജീവസാന്നി ധ്യമാണ്.

ഇത് ദനഹാക്കാലം... പാതിരാവിൽ ബത്‌ലെഹേമിൽ ഉദിച്ച പ്രകാശ മായ മിശിഹാ യോർദ്ദാനിൽ ലോകത്തിനു മുഴുവൻ പ്രത്യക്ഷപ്പെട്ട ദന ഹാത്തിരുനാളിനോടനുബന്ധിച്ചുള്ള കാലഘട്ടം. ഈശോയുടെ മാമ്മോദീ സാവേളയിൽ പരിശുദ്ധ ത്രിത്വം വ്യക്തമായി ലോകത്തിനു സ്വയം വെളി പ്പെടുത്തി. അതേത്തുടർന്നുള്ള പരസ്യജീവിതകാലംമുഴുവൻ ഈശോ തന്റെ പ്രബോധനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും അത്ഭുതങ്ങളി ലൂടെയുമെല്ലാം ദൈവത്തിന്റെ സാന്നിധ്യവും സ്നേഹവും മനുഷ്യർക്കു പകർന്നു നല്കുകയായിരുന്നു. ഈ ലോകത്തിൽ ജീവിക്കുമ്പോൾ നമ്മുടെയും കടമ മറ്റൊന്നല്ല. ദൈവത്തിന്റെ സ്നേഹവും സാന്നിധ്യവും കരുണയും കരുതലും നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് അനുഭ വവേദ്യമാകണം. ദൈവത്തിന്റെ പ്രത്യക്ഷീകരണങ്ങളാവണം നാം. ജീവിത ത്തിലൂടെ ദൈവത്തെ വെളിപ്പെടുത്തുക; ഇന്നും ജീവിക്കുന്ന ദൈവത്തെ നമ്മിലൂടെ മറ്റുള്ളവർ തിരിച്ചറിയട്ടെ.

ഏവർക്കും ദനഹാത്തിരുനാളിന്റെയും പുതുവത്സരത്തി ന്റെയും മംഗളാശംസകൾ...

**ചീഫ് എഡിറ്റർ**




# കർത്താവിന്റെ ദനഹാ വെളിപാടിന്റെ ആഘോഷം

**സി. കൊച്ചുത്രേസ്യാ കാരയ്ക്കാട്ട്**
ബേത് തോമാ ദയറ, പാലമറ്റം

സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോമിശിഹായുടെ 'പെസഹാ' യാകുന്ന അമൂല്യ രഹസ്യത്തെ വിവിധ ഏടുകളിലായി ആഘോഷിച്ചനുഭവിക്കുവാനായി തന്റെ മക്കൾക്ക് സഭാമാതാവൊരുക്കുന്ന വിസ്മയകരമായ ക്രമീകരണമാണ് ഓരോ സഭയുടെയും ആരാധനാവത്സരം. ഇത്തരത്തിൽ ഏറെ സൂക്ഷ്മതയോടെ ചിട്ടപ്പെടുത്തപ്പെട്ട അതിധന്യമായ പൗരസ്ത്യസുറിയാനിസഭയുടെ ആരാധനാവത്സരപ്രകാരം ജനുവരി 6-ാം തീയതി നാം കർത്താവിന്റെ മാമ്മോദീസാ 'ദനഹാത്തിരുനാൾ' എന്ന പേരിൽ ആഘോഷിക്കുന്നു. 'ദനഹാ', എന്ന സുറിയാനിപദത്തിന്റെ അർത്ഥം 'ഉദയം', 'വെളിപാട്', 'പ്രകാശം',




'ആവിഷ്കരണം', 'പ്രത്യക്ഷീകരണം' എന്നൊക്കെയാണ്.

കർത്താവീശോമിശിഹായുടെ 'ദനഹാ' പ്രകാശത്തിന്റെ തിരുനാളായാണ് പരക്കെ അറിയപ്പെടുക. എന്തുകൊണ്ടാണ് ഈ തിരുനാൾ പ്രകാശത്തിന്റെ തിരുനാളായത്? ഈശോ യോർദ്ദാൻ നദിയിൽവച്ച് യോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിച്ച സംഭവത്തെയാണ്, ഈ തിരുനാളിൽ നാം പ്രത്യേകമായി അനുസ്മരിക്കുകയെങ്കിലും ഈശോയുടെ ജീവിതത്തിലെ ഈ സുപ്രധാനവേള യഥാർത്ഥത്തിൽ മൂന്ന് പ്രകാശനങ്ങളുടെ (ദനഹാകളുടെ) വേദിയായിരുന്നു.

1. യോഹന്നാൻ മാംദാനയിലൂടെ ഈശോയുടെ വ്യക്തിത്വം പ്രകാശിതമായി.

2. തന്റെ പരസ്യജീവിതത്തിന് ആരംഭം കുറിച്ചുകൊണ്ട് ഈശോ സ്വയം പ്രകാശിതനായി.

3. പിതാവായ ദൈവവും റൂഹാദ്ക്കുദ്ശായും ചേർന്ന് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനെത്തുകയും, അങ്ങനെ ത്രിത്വരഹസ്യം ആദ്യമായി മാനവചരിത്രത്തിൽ പ്രകാശിതമാവുകയും ചെയ്തു.

ചുരുക്കത്തിൽ, ഈശോയുടെ മാമ്മോദീസാ അല്ലെങ്കിൽ അവന്റെ ദനഹാ മനുഷ്യവംശത്തിനായി പ്രകാശിതമായ ദൈവരഹസ്യങ്ങളുടെ ആഘോഷവേളയായി; ദനഹാ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളായി, ഈശോയുടെ മാമ്മോദീസായുടെ ആഘോഷമായി, നമ്മുടെ മാമ്മോദീസായുടെ അനുസ്മരണവുമായി.

ജനുവരി 5-ാം തീയതി വൈകിട്ട് റംശാ പ്രാർത്ഥനയോടെയാണ് നാം ദനഹാ ആഘോഷം തുടങ്ങുക. കേരളത്തിന്റെ വടക്കൻഭാഗങ്ങളിൽ പിണ്ടികുത്തി പെരുനാൾ എന്നും, തെക്കൻ ഭാഗങ്ങളിൽ 'രാക്കുളി' പെരുനാളെന്നും ഈ തിരുനാൾ അറിയപ്പെടുന്നു. മിശിഹാ യോർദ്ദാൻ നദിയിലിറങ്ങി മാമ്മോദീസാ സ്വീകരിച്ചതിനെ അനുസ്മരിച്ചുകൊണ്ട് ദനഹാത്തിരുനാളിൽ ആഘോഷമായ റംശാ നമസ്കാരത്തിനു ശേഷം സങ്കീർത്തനങ്ങൾ ചൊല്ലിക്കൊണ്ട് ജലാശയങ്ങളിലിറങ്ങി ആചാരക്കുളി നടത്തുന്ന തെക്കൻ കേരളത്തിലെ പതിവിൽനിന്നാണ് ഈ തിരുനാളിന് 'രാക്കുളി' എന്ന പേര് ലഭിച്ചത്. എന്നാൽ വടക്കൻ കേരളത്തിൽ 'മിശിഹാ ലോകത്തിന്റെ പ്രകാശമാണ്' എന്ന് പ്രഘോഷിക്കുവാനായി വാഴപ്പിണ്ടി പ്രകാശങ്ങളാൽ അലങ്കരിക്കുന്ന പതിവായിരുന്നു ദനഹാഘോഷത്തിന്റെ പ്രധാന ആകർഷണം. അങ്ങനെ വടക്കൻ കേരളത്തിൽ 'ദനഹാ' പിണ്ടിപ്പെരുനാൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ദനഹാ ആഘോഷത്തിന്റെ ഭാഗമായ 'രാക്കുളിയും' 'പിണ്ടിപ്പെരുനാളും', മിശിഹായുടെ മാമ്മോദീസായിൽ അധിഷ്ഠിതമായ നമ്മുടെ മാമ്മോദീസായോട് ഏറെ ചേർന്നുപോകുന്നുണ്ട്. യോർദ്ദാൻ നദിയിൽ മാമ്മോദീസാ സ്വീകരിച്ച ഈശോ എന്നേയ്ക്കുമായി എല്ലാ മാമ്മോദീസാത്തൊട്ടികളെയും മാമ്മോദീസാജലത്തെയും ആശീർവദിച്ചു. പൗലോസ്ശ്ലീഹായുടെ വീക്ഷണത്തിൽ മാമ്മോദീസാജലത്തിൽ മുങ്ങിപ്പൊങ്ങുന്ന വ്യക്തി മിശിഹായോടുകൂടെ മരിക്കുകയും അവനോടുകൂടെ ഉയിർക്കുകയും ചെയ്യുന്നു.

സുറിയാനി പിതാവായ മാർ അപ്രേമിന്റെ വീക്ഷണത്തിൽ പറുദീസായിൽ വച്ച് ആദത്തിനു നഷ്ടമായ മഹത്ത്വത്തിന്റെ വസ്ത്രം രണ്ടാമാദമായ ഈശോ യോർദ്ദാനിലെ ജലത്തിൽ നിക്ഷേപിച്ചു; മാമ്മോദീസാ സ്വീകരിക്കുന്ന എല്ലാവർക്കും അത് വീണ്ടുമണിയാ

നുള്ള കൃപ ലഭിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ കർത്താവിന്റെ മഹത്ത്വം തിരുസ്സഭയുടെ ഉടയാടയായിത്തീരുന്നു. മാമ്മോദീസാ സ്വീകരിക്കുന്നവർ ധരിക്കുന്ന വെള്ളവസ്ത്രം പ്രകാശത്തിന്റെ ഈ വസ്ത്രത്തെയാണ് സൂചിപ്പിക്കുന്നത്.

ദനഹാതിരുനാളിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്:

> സത്യവെളിച്ചം മിശിഹായെ
> സഭയിൽ മോദം നല്കിയ നിൻ
> മാമ്മോദീസാ മഹനീയം
> നിന്നുടെ ദയയും സ്തുത്യർഹം
> ഒളിമങ്ങാത്ത മഹത്ത്വത്തിൻ
> മോഹന വസനം തിരുസ്സഭയെ
> അണിയിച്ചവനാം മണവാളൻ
> മിശിഹാ നിത്യം സ്തുത്യർഹൻ
> (ദനഹാ തിരുനാൾ പ്രദക്ഷിണഗാനം)

മിശിഹായുടെ മാമ്മോദീസാ മിശിഹാ അനുയായികളുടെ മാമ്മോദീസായ്ക്ക് തുടക്കവും മാതൃകയുമായിരുന്നു. മാർ അപ്രേമിന്റെ ഭാഷ്യമനുസരിച്ച് ഈശോ തന്റെ ശക്തി മാമ്മോദീസായിൽ നിക്ഷേപിച്ചതിനാൽ നമ്മുടെ ശരീരത്തിനു മാത്രമല്ല മനസ്സാക്ഷിക്കും മാമ്മോദീസാ സാധ്യമാകുന്നു. മാമ്മോദീസാജലം നമ്മുടെ പാപങ്ങളുടെ മോചനത്തിനു കാരണമാകുന്നു. നിരവധി ഉറവകളിൽ ജലം തിങ്ങി നിറഞ്ഞിരിക്കുന്നെങ്കിലും മാമ്മോദീസാ ജലത്തിൽ മാത്രമേ പാപമോചനം സാധ്യമാകൂ. തിരമാലകളാൽ കടൽ ഗംഭീരമാണെങ്കിലും പാപം മോചിക്കാൻ അതിന് കഴിവില്ല. എന്നാൽ പള്ളിയിലെ വളരെ ചെറിയ മാമ്മോദീസാത്തൊട്ടിയിലെ ജലത്തിന് അതു സാധ്യമാകുന്നു. അതിൽ മുങ്ങുന്നവർ പരിശുദ്ധരായി, പ്രകാശിതരായി, പുറത്തുവരുന്നു. ദനഹാ ആഘോഷിക്കുമ്പോൾ നമ്മുടെ മാമ്മോദീസായാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ധ്യാനിക്കുകയും സഭയുടെ മക്കളായതിൽ അഭിമാനിക്കുകയും ചെയ്യാം. അങ്ങനെ മിശിഹായുടെ ജ്ഞാനത്താൽ ജ്വലിക്കുന്ന മനസ്സുകളുമായി, അവന്റെ മഹത്ത്വത്തിന്റെ കിരണങ്ങളായി, അവന്റെ ദനഹായെ പ്രതിഫലിപ്പിക്കുന്ന ചെറുദനഹാകളായി നമുക്ക് പരിണമിക്കാം.





## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

സെനക്കിൾ ആദ്ധ്യാത്മികത - 47



# സഭാജീവിതം: സ്നേഹശുശ്രൂഷാജീവിതം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

"അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13,12-14).

## സഭാജീവിതം: ഈശോയെ അനുകരിക്കുന്ന ജീവിതം

ക്രിസ്തീയജീവിതം ഈശോയെ അനുഗമിക്കുകയും അനുകരിക്കുകയും ചെയ്യുന്ന ജീവിതമാണ്. ആ ജീവിതത്തിന്റെ മുഖമുദ്രയാകേണ്ടത് അന്ത്യത്താഴത്തിലെ പാദംകഴുകലിൽ പ്രതിഫലിക്കുന്ന സ്നേഹശുശ്രൂഷയാണ്. ശിഷ്യരിൽ ഉണ്ടായിരിക്കേണ്ട പല സവിശേഷതകളിൽ ഒന്നായിട്ടല്ല ഈ സ്നേഹശുശ്രൂഷയെ ഈശോ അവതരിപ്പിക്കുക. കാരണം, പാദംകഴുകൽ ഈശോയുടെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളെയെല്ലാം സൂചിപ്പിക്കുന്ന ഒരു പ്രവചനാത്മകമായ പ്രവൃത്തിയായിരുന്നു. അതുകൊണ്ട് അത് അവരുടെ ജീവിതശൈലിയായിത്തീരണം. ഈശോയുടെ സ്നേഹശുശ്രൂഷാജീവിതം സഭയുടെയും സഭാശുശ്രൂഷകരുടെയും ജീവിതത്തിൽ പ്രതിഫലിക്കണം. സഭാസമൂഹം തന്നെ മനുഷ്യസമൂഹത്തിന് സ്നേഹശുശ്രൂഷനിർവഹിക്കുന്ന ഒരു സമൂഹമായിത്തീരണം. സഭാശുശ്രൂഷ നിർവഹിക്കുന്ന എല്ലാവരിലും ഈ സവിശേഷതയാണ് ഈശോ പ്രതീക്ഷിക്കുന്നത്.

## സ്നേഹശുശ്രൂഷ: ജീവിതദൗത്യം

ക്രിസ്തീയജീവിതത്തിന്റെ ഒരു സവിശേഷതയായിമാത്രം സ്നേഹശുശ്രൂഷയെ കാണരുത്. സ്നേഹശുശ്രൂഷ ക്രൈസ്തവദൗത്യമാണ്. സഭ ദൈവത്താൽ പ്രത്യേകം വിളിക്കപ്പെട്ടവരുടെ സമൂഹ

മാണ്. 'എക്ലേസിയാ' എന്ന വാക്കിന്റെ അർത്ഥം 'വിളിക്കപ്പെട്ടവരുടെ സമൂഹം' എന്നാണ്. ദൈവം ഒരാളെ വിളിക്കുന്നത് അയാളെ അയയ്ക്കാൻവേണ്ടിയാണ്. സഭാംഗങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നത് ലോകത്തിലേക്ക് ദൈവത്താൽ അയയ്ക്കപ്പെടാൻവേണ്ടിയാണ്. ഈശോ പിതാവായ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ദൈവപുത്രനായിരുന്നു (യോഹ 10,36). അതുപോലെ തന്റെ ശിഷ്യരും സ്നേഹശുശ്രൂഷയ്ക്കായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവരാണെന്ന് ഈശോ ഓർമ്മിപ്പിക്കുന്നുണ്ട്: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല" (യോഹ 13,16). വീണ്ടും ഈശോ പറയുന്നു: "ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെയാണ് സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (യോഹ 13,20). സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവരുടെ സമൂഹമാണ്. അയയ്ക്കപ്പെട്ടത് സ്നേഹശുശ്രൂഷ നിർവ്വഹിക്കുവാൻവേണ്ടിയുമാണ്.

## സ്നേഹശുശ്രൂഷാജീവിതം: അനുഗൃഹീതം

"ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗൃഹീതർ" (13,17). സുവിശേഷഭാഗ്യങ്ങളിലൊന്നായി ഇവിടെ സ്നേഹശുശ്രൂഷാജീവിതത്തെ വിശേഷിപ്പിക്കുന്നു. സഭ മുഴുവൻ സ്നേഹശുശ്രൂഷാസമൂഹമാകുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ്. സഭയിൽ വിവിധ ശുശ്രൂഷയ്ക്കായി പ്രത്യേകം വിളിക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്യുന്നവരുണ്ട്. പൗരോഹിത്യത്തെ ശുശ്രൂഷാപൗരോഹിത്യം എന്നു തന്നെ പ്രത്യേകം വിശേഷിപ്പിക്കുന്നുമുണ്ട്. സഭയെ മിശിഹായുടെ ശരീരമെന്നു വിശേഷിപ്പിക്കുന്ന പൗലോസ്ശ്ലീഹായും സഭാംഗങ്ങളെ മിശിഹായുടെ ശരീരത്തിനു ശുശ്രൂഷ ചെയ്യുന്ന അവയവങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത് (1 കൊറി 12). ശരീരത്തിനു ശുശ്രൂഷ ചെയ്യാത്ത അവയവങ്ങളൊന്നുമില്ല. അതുകൊണ്ട് എല്ലാ സഭാംഗങ്ങളും ശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ്. ഈ ശുശ്രൂഷയുടെ മുഖമുദ്ര സ്നേഹമാണ്: ഈശോയുടെ ജീവിതത്തിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹം. അതുകൊണ്ട് ഇത് സഭാംഗങ്ങൾക്കു മുഴുവൻ നല്കപ്പെടുന്ന ഒരു സുവിശേഷഭാഗ്യമാണ്. ഈ ഒരവബോധത്തോടെ സഭാജീവിതം നയിക്കുന്നവരെ അനുഗൃഹീതരായി ഈശോ ഇവിടെ പ്രഖ്യാപിക്കുകയാണ്.

## സ്നേഹശുശ്രൂഷാജീവിതം: വിളിക്കു പ്രത്യുത്തരിക്കുന്ന ജീവിതം

ക്രിസ്തീയജീവിതം ഉത്തരവാദിത്വബോധത്തോടെ പ്രത്യുത്തരിക്കേണ്ട ജീവിതമാണ്. ഈശോ പറയുന്നു: "നിങ്ങൾ എല്ലാവരെയും കുറിച്ചല്ല ഞാനിതു പറയുന്നത്. ഞാൻ തിരഞ്ഞെടുത്തവരെ എനിക്കറിയാം. എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരെ കുതികാലുയർത്തി എന്ന തിരുവെഴുത്ത് പൂർത്തിയാകേണ്ടിയിരിക്കുന്നു" (യോഹ 13,18). സഭാംഗത്വം ദൈവത്തിന്റെ പ്രത്യേകമായ വിളിയുടെയും തിരഞ്ഞെടുപ്പിന്റെയും ഫലമാണ്. സഭാജീവിതം സ്നേഹശുശ്രൂഷാജീവിതമാക്കാത്തവർ അവരുടെ ദൈവവിളിയോടു പ്രത്യുത്തരിക്കുന്നതിൽ പരാജയപ്പെടുന്നവരാണെന്ന് ഇവിടെ സൂചനയുണ്ട്. അതെന്തുകൊണ്ട് എന്നത് ദൈവത്തിന്റെ രഹസ്യമാണ്. എന്നാൽ അപ്രകാരമൊരു വിളിയും അതിനു പ്രത്യുത്തരിക്കാനുള്ള ഗൗരവമേറിയ ഉത്തരവാദിത്വവും എല്ലാ സഭാംഗങ്ങൾക്കുമുണ്ട് എന്ന് ഈശോയുടെ വാക്കുകൾ വ്യക്തമാക്കുന്നു. അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും അവരുടേതായ തലങ്ങളിൽ സ്നേഹശുശ്രൂഷാജീവിതം നയിക്കുവാൻ കടപ്പെട്ടവരാണ്.

പിതാവ് പ്രസാദിച്ച പ്രിയപുത്രനാണ് ഈശോ. മാതാപിതാക്കൾക്കു വിധേയപ്പെട്ട മുപ്പതു വർഷത്തെ രഹസ്യജീവിതം. പരസ്യജീവിതത്തിലെ ഓരോ ദിവസവും പിതാവുമായി സംഭാഷണത്തിലേർപ്പെടാൻ സമയം കണ്ടെത്തിയിരുന്നവൻ. ക്രിസ്ത്യാനികളായ നാമും ഈശോയുടെ ജീവിതം മാതൃകയാക്കേണ്ടവരാണ്. ദൈവമായവൻ, ദൈവത്തോടുള്ള സമാനത മുറുകെ പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ സ്വയം ശൂന്യനാക്കി ദാസന്റെ വേഷം സ്വീകരിച്ചവൻ, സൃഷ്ടിയുടെ മുമ്പിൽ തലകുനിക്കുന്നു... ജ്ഞാനസ്നാനം സ്വീകരിക്കാൻ. മുപ്പതു വർഷത്തെ ജീവിതത്തിൽ തന്റെ ഹിതം അണുവിട വ്യതിചലിക്കാതെ നിറവേറ്റിയവനെ നോക്കി പിതാവ് പരസ്യമായി ഉദ്ഘോഷിച്ചു; “നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (ലൂക്കാ 3,22).

സ്രഷ്ടാവായവൻ സൃഷ്ടിക്കു വിധേയപ്പെട്ടു ജീവിച്ച മുപ്പതു വർഷങ്ങൾ.. ‘അവൻ നസറത്തിൽ വന്ന് അവർക്കു വിധേയനായി ജീവിച്ചു’ (ലൂക്കാ 2,51) എന്ന വചനം അതാണല്ലോ വെളിവാക്കുന്നത്. സാധിക്കുമോ ഇങ്ങനെ ഒരു ജീവിതം?



# തമ്പുരാന് പ്രിയപ്പെട്ടവരാകാം

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ**




അനുസരണം അടിമത്തമായി കരുതുന്ന ഈ തലമുറയ്ക്ക് അനുസരിക്കുന്നവൻ അവഹേളനാപാത്രമാണ്. സ്ക്കൂളിൽ കുട്ടികളുടെ തെറ്റുതിരുത്തുന്ന അദ്ധ്യാപകരെ കുറ്റപ്പെടുത്തുന്ന മാതാപിതാക്കളുണ്ട്. അവരോട് ഒന്നു ചോദിക്കട്ടെ... നിങ്ങളുടെ മക്കൾ നിങ്ങൾക്കു വിധേയപ്പെടുമോ? ഭർത്താവിന് കീഴ്‌വഴങ്ങി ജീവിക്കുന്ന ഭാര്യയും ഭാര്യയുടെ അഭിപ്രായങ്ങളെ മാനിക്കുന്ന ഭർത്താവുമാണ് കുടുംബത്തിലുണ്ടാകേണ്ടത്. മാതാപിതാക്കളെ കണ്ടാണ് മക്കൾ അനുസരണവും വിധേയത്വവും പഠിക്കുക. മാതാപിതാക്കൾക്കു വിധേയപ്പെടാതെ വളരുന്ന മക്കൾക്കെങ്ങനെ ജീവിതത്തിലെ ദൈവഹിതത്തിനു സന്തോഷത്തോടെ വിധേയപ്പെടുവാനാകും? 'അനുസരിച്ചാൽ ഐശ്വര്യം ലഭിക്കും' എന്ന തിരുവചനം ഇന്നത്തെ തലമുറയുടെ ഹൃദയഫലകത്തിലെഴുതാൻ ധൈര്യമുണ്ടാകുമോ?

ചെറുതായാലും വലുതായാലും ജീവിതത്തിലെ ഓരോ അനുഭവവും ദൈവംതന്നെ തരുന്നതാണ്. നിന്റെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു എന്ന് അവിടുന്ന് പറഞ്ഞത് വെറുതെയല്ല. ഈശോയുടെ ജീവിതം സന്തോഷം മാത്രം നിറഞ്ഞതായിരുന്നില്ല, പരിഹാസവും കുറ്റപ്പെടുത്തലും ഒറ്റിക്കൊടുക്കലും ഒക്കെ അവൻ അനുഭവിച്ചു. ഭ്രാന്തൻ എന്നു മുദ്രകുത്തി. ദൈവപുത്രനെ ദൈവദൂഷകൻ എന്നു നാമം ചാർത്തി കൊന്നൊടുക്കുവാൻ ഗൂഢാലോചന നടത്തി, വ്യാജ കുറ്റാരോപണം നടത്തി. പക്ഷേ ഈശോയുടെ മനസ് പിതാവിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും നിറഞ്ഞുനിന്നിരുന്നു. അവിടുന്നു മനുഷ്യരുടെ വാക്കുകളെ ഗൗനിച്ചില്ല. അവരുടെ ആവശ്യങ്ങളിലേക്കു പിതാവിന്റെ സ്നേഹവുമായി കടന്നുചെന്നു-'വിധേയത്വം'. എന്തു ത്യാഗം സഹിച്ചും ജീവിതത്തിൽ പിതാവിന്റെ ഹിതം നിറവേറ്റാൻ ഈശോ തയ്യാറായിരുന്നു.

തയ്യാറാകണം നാമും - ജീവിതത്തിൽ ദൈവത്തിന്റെ ഇഷ്ടം അനുവർത്തിക്കാൻ. ഉറങ്ങുന്നതിനുമുമ്പ് ആത്മശോധന നടത്താം... ഇന്ന് എന്റെ ദൈവത്തിനിഷ്ടമില്ലാത്ത എന്തെങ്കിലും ഞാൻ പ്രവർത്തിച്ചുവോ? കണ്ടെടുക്കുന്നവയെ ഓർത്തു മാപ്പു പറയാം. സ്വർഗ്ഗത്തിൽ നമുക്കായി ഒരുങ്ങിയ വസതി നമ്മെ കാത്തിരിക്കുന്നു. ചെറിയ ചെറിയ പാപം നൽകുന്ന സുഖം ആ ഇടുങ്ങിയ വഴിയിൽ നിന്നും നമ്മെ അകറ്റരുതേ. നിത്യാനന്ദത്തിൽ ദൈവതിരുമുഖം കണ്ട് അവിടുത്തെ സ്തുതിക്കാൻ കൊതിയില്ലേ? ദൈവം ഒരുക്കിയ മാർഗങ്ങൾക്കു വിധേയപ്പെടാം. നന്മ മാത്രമേ പ്രവർത്തിക്കൂ എന്ന് പ്രതിജ്ഞ ചെയ്യാം. മാതൃകയാകണം ക്രിസ്ത്യാനിയായ നിന്റെ ജീവിതം മറ്റുള്ളവർക്ക്. അല്ലെങ്കിൽ നമ്മുടെ ജീവിതത്തിനെന്തർത്ഥം...? ദൈവം കൂടെയുണ്ടാകും; മുറുകെപിടിക്കാം ആ കരങ്ങളിൽ. അവിടുന്നു നയിക്കുന്ന വഴിയെ നടക്കാം. അപ്പോൾ അവിടുന്നു നമ്മെ നോക്കിയും ആവർത്തിക്കും "നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു".

## Spirituality Centre, Programme

### January

06 Social Animators
13 School of Bible
16 Bible Study Forum
16-17 Cenacle Gathering (Sodales & Aspirants)
20 Recollection - Apostolic Oblates






**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**മേരി മാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**

ഭാരതരക്ഷ ഭാരതമക്കളിലാണെന്ന സത്യം കാലങ്ങൾക്കു മുമ്പേ പ്രവചനാത്മകമായി നമ്മെ അനുസ്മരിപ്പിച്ച പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകൾ ഭാരത സഭാമക്കളെ, പ്രത്യേകിച്ച് കേരളസഭാ മക്കളെ- വചനപ്രഘോഷകരെയും ആത്മീയ ശക്തി കേന്ദ്രങ്ങളെയും അന്വേഷിച്ചലയുന്നവരെ- നോക്കി പറയുന്നു: സഭാമക്കളെ നിങ്ങളുടെ രക്ഷ നിങ്ങളുടെ വിശ്വാസത്തിൽ!

**വിശ്വാസവും രക്ഷയും**

വിശ്വാസംമൂലമാണ് രക്ഷ എന്നത് സുവിശേഷങ്ങളും പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളും ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളും നമ്മെ അർത്ഥശങ്കയ്ക്കിടമില്ലാത്തവിധം പഠിപ്പിക്കുന്നു. വിസ്താര ഭയത്താൽ അവയെല്ലാം ഇവിടെ ഉദ്ധരിച്ച് ബോധ്യ പ്പെടുത്തുന്നില്ല. അന്ധനും രക്തസ്രാവക്കാരിക്കും അനേക രോഗികൾക്കും സൗഖ്യം ലഭിച്ചതും മരിച്ച ലാസറിന് പുനരുജ്ജീവനം സാധിച്ചതും മിശിഹായിലുള്ള വിശ്വാസഫലമെന്ന് കർത്തൃവചസ്സുകളിലൂടെതന്നെ സുവിശേഷകന്മാർ സാക്ഷിക്കുന്നു. ഇപ്രകാരമുള്ള വിടുതലുകളും സൗഖ്യവും മറ്റ് അത്ഭുതങ്ങളും വിശ്വാസഫലം മാത്രമാണെന്ന് വ്യക്തമാകുംവിധം

അനുഭവസാക്ഷ്യങ്ങൾ ഇന്നെന്നപോലെ വിശുദ്ധഗ്രന്ഥത്തിലും ധാരാളമുണ്ട്. സക്കേവൂസിന്റെ ഭവനം സമാധാനത്തിലേക്ക് പ്രവേശിച്ചതും പാപിനിയായ മഗ്ദേലനക്കാരി വിശുദ്ധയായ മറിയമായതും മാത്രമല്ല, പരിശുദ്ധമറിയം ഭാഗ്യവതിയായതും വിശ്വാസം വഴിയാണെന്ന് നാം തിരുവചനത്തിൽ വ്യക്തമായി കാണുന്നു.''ഈശോ കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരംകൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷപ്രാപിക്കുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവരുകയില്ല എന്നാണല്ലോ വിശുദ്ധഗ്രന്ഥം പറയുന്നത്. യഹൂദനും ഗ്രീക്കുകാരനും തമ്മിൽ വ്യത്യാസമില്ല. ഒരുവൻതന്നെയാണ് എല്ലാവരുടെയും കർത്താവ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും" (റോമ 10,9-13).

വിശ്വസിക്കുന്നവർക്കാണ് മാമ്മോദീസയും അതുവഴിയുള്ള രക്ഷയുമെന്ന് ഈശോ സ്വർഗ്ഗാരോഹണത്തിനുമുമ്പ് വ്യക്തമായി ഉദ്ബോധിപ്പിക്കുന്നു(മർക്കോ 16,16-18). ശ്ലീഹന്മാരുടെ പ്രബോധനത്തിലും നാം ഇത് കാണുന്നു (നട 2,38-40). 'പിതാക്കന്മാരുടെ വഴിപിഴച്ച ജീവിതത്തിൽ നിന്നകന്ന് കർത്താവായ ഈശോയിൽ വിശ്വസിക്കുക നീയും നിന്റെ കുടുബവും രക്ഷപ്പെടും' (നട 16,31) എന്നവർ പ്രസംഗിച്ചു. പ്രവൃത്തികൾ മൂലമല്ല, വിശ്വാസംമൂലമാണ് രക്ഷ. "നിയമത്തിൻെറ അനുഷ്ഠാനത്തിലൂടെയല്ല, ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നതെന്നു നമുക്ക് അറിയാം. നിയമാനുഷ്ഠാനം വഴിയല്ല, മിശിഹായിലുള്ള വിശ്വാസംവഴി നീതീകരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും ഈശോമിശിഹായിൽ വിശ്വസിച്ചത്. എന്തെന്നാൽ, നിയമാനുഷ്ഠാനംവഴി ഒരുവനും നീതീകരിക്കപ്പെടുകയില്ല" (ഗലാ 2,16). അബ്രാഹംതുടങ്ങി വിശ്വാസംവഴി രക്ഷിതരായവരുടെ നിര ഹെബ്രായലേഖന കർത്താവ് 11-ാം അധ്യായത്തിൽ വിവരിക്കുന്നു. ആബേലിന്റെ ബലി സ്വീകാര്യമായതും നോഹ പെട്ടകം നിർമ്മിച്ചതും വിശ്വാസംവഴിയാണെങ്കിൽ, ബാബേൽഗോപുരനിർമ്മാണം സ്വപ്നമായി അവശേഷിച്ചതും നിർമ്മാതാക്കൾ ചിതറിക്കപ്പെട്ടതും ദൈവത്തെ മറന്നതുകൊണ്ടുമാത്രമാണ്.

### വിശ്വാസവും പ്രവൃത്തിയും

എന്നാൽ യാക്കോബ് ശ്ലീഹായുടെ വാക്കുകൾ കൂടി (2,14-26) ഇതോടുചേർത്ത് നാം വായിക്കണം "എൻെറ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേൻമയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടു ക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ, അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്. എന്നാൽ, ആരെങ്കിലും ഇങ്ങനെ പറഞ്ഞേക്കാം: നിനക്കു വിശ്വാസമുണ്ട്, എനിക്കു പ്രവൃത്തികളുമുണ്ട്. പ്രവൃത്തികൾ കൂടാതെയുള്ള നിൻെറ വിശ്വാസം എന്നെ കാണിക്കുക. ഞാൻ എൻെറ പ്രവൃത്തികൾ വഴി എൻെറ വിശ്വാസം നിന്നെ കാണിക്കാം. ദൈവം ഏകനാണെന്നു





നീ വിശ്വസിക്കുന്നു; അതു നല്ലതുതന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നു; അവർ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു. മൂഢനായ മനുഷ്യാ, പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസം ഫലരഹിതമാണെന്നു നിനക്കു തെളിയിച്ചുതരേണ്ടതുണ്ടോ? നമ്മുടെ പിതാവായ അബ്രാഹം നീതീകരിക്കപ്പെട്ടത് തൻെറപുത്രനായ ഇസഹാക്കിനെ യാഗപീഠത്തിൻമേൽ ബലിയർപ്പിച്ചതുവഴിയല്ലേ? അവൻെറ വിശ്വാസം അവൻെറ പ്രവൃത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവൃത്തികളാൽ പൂർണമാക്കപ്പെട്ടുവെന്നും നിങ്ങൾ അറിയുന്നുവല്ലോ. അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു എന്ന തിരുവെഴുത്തു നിറവേറി. അവൻ ദൈവത്തിൻെറ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മനുഷ്യൻ വിശ്വാസംകൊണ്ടുമാത്രമല്ല പ്രവൃത്തികളാലുമാണു നീതീകരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു. റാഹാബ് എന്ന വേശ്യ, ദൗത്യവാഹകരെസ്വീകരിക്കുകയും അവരെ മറ്റൊരു വഴിക്ക് പുറത്തയയ്ക്കുകയും ചെയ്ത പ്രവൃത്തികൾ മൂലമല്ലേ നീതീകരിക്കപ്പെട്ടത്? ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും മൃതമാണ്".

ദൈവത്തിലുള്ള വിശ്വാസത്തെക്കാൾ രക്ഷിക്കപ്പെടാനും ജീവിതവിജയം നേടാനും ആവശ്യമായിരിക്കുന്നത് അന്ധവിശ്വാസങ്ങളാണെന്ന് ചിലരുടെ പ്രവൃത്തികൾ ദ്യോതിപ്പിക്കുന്നതായി ഇന്നു കാണുന്നു. കർത്താവിന്റെ സാമീപ്യത്തിൽ ദുഷ്ടശക്തികൾ ഓടിയൊളിച്ചു. എങ്കിൽ, ദൈവത്തിന്റെ സജീവസാന്നിധ്യമുള്ള ദൈവാലയങ്ങളിലും ദൈവാരൂപിയുടെ സാന്നിധ്യവും ദൈവപുത്രന്റെ കൗദാശിക ആവാസവും വഹിക്കുന്ന ജീവിക്കുന്ന ദൈവാലയങ്ങളായ മനുഷ്യരിലും അവർ വസിക്കുന്ന ഇടങ്ങളിലും ദുഷ്ടാരൂപികൾക്ക് വസിക്കാനാവുമോ? ഭാരതീയമായ ചിഹ്നങ്ങളും പ്രതീകങ്ങളും വാസ്തു ശാസ്ത്രം പോലും തിന്മയുടെ അധിവാസത്തിനു കാരണമായി അവതരിപ്പിക്കപ്പെടുന്നു. നാനാജാതി മതസ്ഥരായിരുന്നവരും വിജാതീയ ദൈവാരാധകരും വിശ്വാസത്തിലൂടെ, കൂദാശകളിലൂടെ രൂപാന്തരപ്പെട്ടാണ് സഭ രൂപീകൃതമായത്. എന്നാൽ ചിലരുടെ പ്രബോധനങ്ങളിൽ ഇപ്പോഴും അവരൊക്കെ വിജാതീയരാണെന്നു പറയേണ്ടിവരും.

**വിഗ്രഹാരാധന**

വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണംപോലും ഇടർച്ചയ്ക്കു കാരണമാകുന്നില്ലെങ്കിൽ ഭക്ഷ്യയോഗ്യമാണെന്ന് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു (1 കോറി 8,1-13). എന്നാൽ ശ്ലീഹാ നമുക്ക് താക്കീതു നൽകുന്നു: "പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയിൽനിന്ന് ഓടിയകലുവിൻ. വിവേകമതികളോടെന്നപോലെ ഞാൻ നിങ്ങളോടുപറയുന്നു: ഞാൻ പറയുന്നതു നിങ്ങൾ തന്നെ വിധിക്കുവിൻ. നാം ആശീർവ്വദിക്കുന്ന അനുഗ്രഹത്തിൻെറ പാനപാത്രം മിശിഹായുടെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളു. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. ജനനംകൊണ്ടുമാത്രം ഇസ്രായേൽക്കാരായവരെ നോക്കുവിൻ. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം? വിഗ്രഹത്തിനു സമർപ്പിച്ച ആഹാരപദാർഥമോ വിഗ്രഹം തന്നെയോ എന്തെങ്കിലും ആണെന്നു ഞാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ല. വിജാതീയർ ബലിയർപ്പിക്കുന്നതു പിശാചിനാണ്, ദൈവത്തിനല്ല എന്നാണു ഞാൻ പറയുന്നത്. നിങ്ങൾ പിശാചുക്കളുടെ പങ്കാളികളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരേ സമയം കർത്താവിൻെറ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. കർത്താവിൻെറ മേശയിലും പിശാചുക്കളുടെ മേശയിലും ഭാഗഭാക്കുകളാകാനും സാധിക്കുകയില്ല. കർത്താവിൽ നാം

അസൂയ ഉണർത്തണമോ? നാം അവിടുത്തെക്കാൾ ശക്തരാണോ?" (1 കോറി 10,14-22). ഇവിടെ ശ്ലീഹാ വിവക്ഷിക്കുന്നത് വിഗ്രഹങ്ങൾക്ക് ആരാധനയർപ്പിക്കരുതെന്നും ആരാധനയുടെ മനോഭാവത്തിൽ അതിന്റെ ഭാഗമായി വിഗ്രഹാർപ്പിതവസ്തുക്കൾ സ്വീകരിക്കരുതെന്നുമാണ്. ഇവിടെയും വിശ്വാസമാണ് വിഷയം.

**അക്രൈസ്തവം അശുദ്ധം**

ക്രിസ്മസ് ദിനാഘോഷം ഡിസംബർ 25 നു നിശ്ചയിക്കപ്പെട്ടത് സൂര്യദേവന്റെ തിരുനാളിനെ രൂപപ്പെടുത്തിയതാണെന്നറിയാമല്ലോ. ഞായർ എന്നാൽ സൂര്യദിനം (Sun+Day) എന്നർത്ഥം. അഗ്നി ദൈവസാന്നിധ്യത്തിന്റെ അടയാളമാണെങ്കിലും ഗ്രീക്കു മതങ്ങളിൽ അഗ്നിദേവനാണെന്ന കാരണത്താൽ തിരി തെളിക്കുന്നത് ക്രൈസ്തവർ ഉപേക്ഷിക്കേണ്ടതില്ലല്ലോ? ഹൈന്ദവർക്ക് യാഗങ്ങളിലും പൂജകളിലും മാത്രമല്ല സന്ധ്യാവന്ദനത്തിനും മംഗളകർമ്മങ്ങൾക്കും ദേവസാന്നിധ്യമാണ് അഗ്നി. ആകയാൽ ക്രൈസ്തവർ അഗ്നിസാന്നിധ്യം ഉപേക്ഷിക്കണമോ? വിശുദ്ധഗ്രന്ഥത്തിൽ അഗ്നിസാക്ഷ്യങ്ങൾ (മോശയ്ക്ക് പ്രത്യക്ഷനായ ദൈവം, സീനായിലെ ദൈവസാന്നിധ്യം, പരിശുദ്ധാത്മാവിന്റെ അഭിഷേക അടയാളം) ദൈവസാന്നിധ്യമായി നാം കാണുന്നു. ഒരിക്കൽ മനിക്കേയനിസത്തിന്റെ അടയാളമാണ് പ്രാവ് എന്നുപറഞ്ഞ് സ്ലീവയിൽ നിന്നും പ്രാവിനെ അകറ്റാൻ ശ്രമിച്ചതുപോലെ (പ്രാവിൻ രൂപത്തിൽ പരിശുദ്ധാത്മാവ് ഈശോയുടെമേൽ ആവസിച്ച സുവിശേഷഭാഗവുംമനിക്കേയനിസമോ?) ഇത്തരത്തിലുള്ളഅടയാളങ്ങളെല്ലാം അക്രൈസ്തവമെന്നു പറഞ്ഞ് പുറന്തള്ളണമോ?


ഹൈന്ദവർക്ക് താലിയുള്ളതിനാൽ അതിന്റെ വകഭേദമായി കരുതി അമ്മമാർ താലി ഉപയോഗിക്കുന്നത് തെറ്റാകുമോ? മരണാനന്തര ചടങ്ങുകളും വിവാഹത്തോടനുബന്ധിച്ചുള്ള പലരീതികളും ജനനാന്തരമുള്ള കുടുബങ്ങളിലെ ചടങ്ങുകളും മറ്റു മതങ്ങളുടെ സ്വാധീനത്താൽ ലഭിച്ചതാകയാൽ അവയെല്ലാം നാം ഉപേക്ഷിക്കണമോ? അറമായ ഒഴികെ മലയാളവും മറ്റു ഭാഷകളും കർത്താവു സംസാരിക്കാത്തവയും അക്രൈസ്തവ പശ്ചാത്തലവും ഉള്ളവയുമായതിനാൽ(സംസ്കൃതം, ഹിന്ദി തുടങ്ങിയവ ഭാരതീയവും അതിനാൽ പലരും അവകാശപ്പെടുന്നതുപോലെ ഹൈന്ദവുമാണല്ലോ)അവ ഉപയോഗിക്കുന്നതും ശരിയാകുമോ? എല്ലാത്തിനുമുപരി ഒരു ഹൈന്ദവവിശ്വാസിക്ക്, ഒരു ഭാരതീയ മതരഹിതന് വിശ്വാസംവഴി ക്രൈസ്തവനാകാനാകുമോ? അക്രൈസ്തവരാൽ ഭാരതഭൂമിയിൽ നിർമ്മിക്കപ്പെട്ട ഒരു ഭവനത്തിൽ വിശ്വാസിക്ക് വസിക്കാനാവുമോ?

ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരാൽ നിയുക്തരായിക്കുന്ന ഇടവക അജപാലകരാൽ സഭയുടെ നാമത്തിൽ ആശീർവ്വദിക്കപ്പെട്ട ഭവനങ്ങളെ വീണ്ടും അവരെ മറികടന്ന് ചിലർ ആശീർവ്വദിക്കുവാൻ എത്തുന്നു. അവരുടെ ആശീർവ്വാദത്തിന് ഫലം കൽപിക്കപ്പെടുന്നു. ഇത് വ്യക്തികളുടെ കഴിവോ, വിശ്വാസത്തിന്റെ ഫലമോ? സഭയുടെ കൂദാശകളും കൂദാശാനുകരണങ്ങളായ ആശീർവ്വാദങ്ങളും വ്യക്തികളുടെ ശക്തി പ്രകടന വേദികളായി അവതരിപ്പിക്കപ്പെടരുത്. ഇത്തരത്തിലുള്ള പ്രത്യേക ആശീർവ്വാദങ്ങൾക്ക് വിലകൽപിക്കുന്നവർ അക്രൈസ്തവ അടയാളങ്ങൾ എന്ന ലേബലിൽ ചിലതിനെ മാത്രം എന്തിന് പുറന്തള്ളുന്നു? അവയെയും വിശുദ്ധീകരിച്ച് ക്രൈസ്തവമാക്കാനാവില്ലേ?

ദൈവം താൻ സൃഷ്ടിച്ചവയെല്ലാം നല്ലതെന്നു കണ്ടു എന്നാണല്ലോ ഉൽപത്തി പുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ആരാണവയെ അശുദ്ധമെന്നു വിളിക്കാൻ പ്രാപ്തൻ? എല്ലാ ഭക്ഷ്യവസ്തുക്കളും വിശുദ്ധമെന്ന് പത്രോസിന് ദർശനത്തിലൂടെ വെളിപ്പെടുത്തപ്പെട്ടപ്പോൾ ദൈവം വിശുദ്ധീകരിച്ചവ മലിനമെന്നു നീ കണക്കാക്കരുത് എന്നവിടുന്ന് പഠിപ്പിച്ചതും നാം വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കുന്നുണ്ടല്ലോ (നട 10,9-16). (തുടരും)







# പ്രലോഭനങ്ങൾ വിശ്വാസജീവിതത്തിന്റെ ഉരകല്ല്

**ഷിനി തെരേസ് മുതുപ്ലാക്കൽ**

മാമ്മോദീസായ്ക്കുശേഷം പരസ്യജീവിതത്തിന്റെ തുടക്കത്തിൽ ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതായി സമാന്തരസുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. മനുഷ്യനായി അവതരിച്ച ഈശോയ്ക്ക് മനുഷ്യസഹജമായ എല്ലാ പ്രലോഭനങ്ങളും അനുഭവപ്പെട്ടിരുന്നു എന്ന സൂചനയാണ് ഈ വിവരണത്തിലൂടെ നല്കപ്പെടുന്നത്.

വി. മത്തായിയുടെ സുവിശേഷത്തിൽ നാലാം അദ്ധ്യായം ഒന്നു മുതൽ പതിനൊന്നുവരെയുള്ള വാക്യങ്ങളിലാണ് 'മരുഭൂമിയിലെ പരീക്ഷ' രേഖപ്പെടുത്തിയിരിക്കുന്നത്. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ഈശോയെ ആത്മാവാണ് മരുഭൂമിയിലേക്കു നയിച്ചത് (4,1). മനുഷ്യജീവിതത്തിലുണ്ടാകുന്ന എല്ലാ പരീക്ഷണങ്ങളും ദൈവം അനുവദിക്കുന്നതാണ്. എന്നാൽ അവയുടെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ മനുഷ്യന് പരിമിതികളുണ്ട്. പഴയനിയമത്തിലെ ജോബിന്റെ പുസ്തകം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. ഒന്നുറപ്പാണ് - വിശ്വാസത്തിന്റെ മാറ്റുരയ്ക്കുന്ന ഉരകല്ലാണ് പ്രലോഭനങ്ങളും പരീക്ഷണങ്ങളും. പ്രലോഭനവേദിയായ മരുഭൂമിയനുഭവങ്ങൾ ജീവിതത്തിൽ പലതുണ്ടാകാം. പക്ഷേ, ആ അനുഭവങ്ങളിൽ നാം ഒറ്റയ്ക്കല്ല. അവയിലൂടെയെല്ലാം നമ്മെ നയിക്കുന്നത് പരിശുദ്ധാരൂപിയാണ്. ദൈവാത്മാവിന്റെ ശക്തിയാലാണ് അവയെ നാം നേരിടേണ്ടത്.

നാല്പതു ദിനരാത്രങ്ങൾ 'ഉപവസിച്ച'പ്പോൾ ഈശോയ്ക്കു വിശന്നു (4,2). ദൈവത്തോടുകൂടി വസിക്കുന്നതാണല്ലോ ഉപവാസം. ദൈവത്തോടുകൂടെ -ആത്മീയതയുടെ കൊടുമുടിയിൽ- ആയിരിക്കുമ്പോഴും 'വിശപ്പി'ന്റെ പ്രലോഭനം അനുഭവപ്പെടാം...! ശാരീരിക വിശപ്പും ജഡികാഭിലാഷങ്ങളും സ്വാർത്ഥലൗകികമോഹങ്ങളുമൊക്കെ നമുക്കനുഭ

വപ്പെടാവുന്ന വിശപ്പാണ്. 'വിശപ്പ്' അനുഭവപ്പെടുമ്പോൾ ഓർക്കുക... പ്രലോഭകൻ സമീപത്തുതന്നെ കെണിയൊരുക്കിയിരിക്കുന്നു. വിശപ്പ് പലവിധമുള്ളതുപോലെതന്നെ അതു ശമിപ്പിക്കാനുള്ള അപ്പവും പലതുണ്ട്. തനിക്കനുഭവപ്പെട്ട വിശപ്പിനെ ഈശോ നേരിട്ടത് വചനമാകുന്ന അപ്പത്താലാണ്. വചനം വിരുന്നാണ്. പരി. ബലിയാകുന്ന വിരുന്നിൽ ആദ്യം വിളമ്പുന്നത് വചനവിരുന്നാണല്ലോ... വചനം നമുക്കു തൃപ്തി നല്കുന്ന അനുഭവം പ്രദാനം ചെയ്യണമെങ്കിൽ ദൈവത്തോടുകൂടെയായിരുന്നുകൊണ്ട് വചനം ഭക്ഷിക്കണം.

ഈശോയെ പിന്നീട് പിശാച് നയിക്കുന്നത് വിശുദ്ധ നഗരത്തിലേക്കും ദൈവാലയത്തിലേക്കുമാണ്! വിശുദ്ധമായ സ്ഥലങ്ങളും പ്രലോഭനവേദികളാകാം. ദൈവാരാധനയേക്കാളും ആരാധനാസമൂഹത്തിന്റെ നന്മയെക്കാളുമുപരി സ്വന്തം മഹത്ത്വത്തിനും പ്രശസ്തിയ്ക്കുംവേണ്ടി ദൈവാലയത്തിലെ ഗായകസംഘത്തിലായിരിക്കുന്നത് അതിനൊരുദാഹരണംമാത്രം. ഈശോയെ ദൈവാലയഗ്രത്തിൽ കയറ്റി നിർത്തിയ പിശാച് ഉദ്ധരിക്കുന്നത് വി. ഗ്രന്ഥഭാഗമാണ്: "നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക; നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പന നല്കും; നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്താ 4,6=സങ്കീ 91,11-12). സന്ദർഭത്തിൽനിന്നടർത്തിയും ദുഷ്ടലാക്കോടെയും ദൈവവചനം ദുരുപയോഗിക്കപ്പെടാം എന്നിത് സൂചന നല്കുന്നുണ്ട്. സഭയുടെ ആധികാരികമായ വചനവ്യാഖ്യാനത്തിന്റെ പ്രാധാന്യത്തിലേക്ക് ഇതു നമ്മെ നയിക്കുന്നു.

മൂന്നാമതും ഈശോയെ പിശാച് പ്രലോഭിപ്പിക്കുന്നു... പ്രലോഭനങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. ജീവിതാന്ത്യത്തോളം അവ നമ്മെ പിന്തുടരും. ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്ത്വവും കാണിച്ചുകൊണ്ട് പിശാചു ഈശോയോടു പറയുന്നു: "നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും" (4,9). എല്ലാം ദൈവത്തിന്റേതായിരിക്കെ 'ഇവയെല്ലാം നിനക്കു ഞാൻ നല്കും' എന്നാണ് പിശാചിന്റെ കപടവാഗ്ദാനം. എന്നാൽ സ്വന്തം അസ്തിത്വത്തെക്കുറിച്ചു ബോധ്യമുണ്ടായിരുന്ന ഈശോ ഈ പ്രലോഭനത്തിലും വീഴുന്നില്ല. നാമെല്ലാം ദൈവത്തിന്റെ മക്കളാണ്. എല്ലാ ജീവിതാനുഭവങ്ങളും ഈ ബോധ്യത്തിന്റെ വെളിച്ചത്തിൽ നേരിട്ടാൽ നാം ഒരിക്കലും പരാജയപ്പെടുകയില്ല. "സാത്താനേ, ദൂരെപ്പോകുക" (4,10) എന്ന് ഈശോ കല്പിക്കുന്നുണ്ട്. പ്രലോഭനഹേതുക്കളിൽനിന്നും നാം അകന്നിരിക്കുകതന്നെവേണം. തെറ്റുപറ്റില്ല എന്ന അമിതമായ ആത്മവിശ്വാസം തെറ്റാണെന്ന് സമൂഹത്തിൽ നടക്കുന്ന പല സംഭവങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ടല്ലോ.

"അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (4,11) എന്നു പറഞ്ഞുകൊണ്ടാണ് ഈ ഭാഗം അവസാനിക്കുന്നത്. തിന്മയുടെ ശക്തി വിട്ടുപോകുമ്പോഴാണ് ദൈവദൂതന്മാരുടെ, നന്മയുടെ സാന്നിദ്ധ്യം നമുക്ക് അനുഭവിക്കാനാവുന്നത്.

ഈശോയുടെ ജീവിതപരീക്ഷണങ്ങൾ ഇതുകൊണ്ട് അവസാനിച്ചില്ല; ജീവിതാന്ത്യം വരെ അതു തുടർന്നുവെന്ന് സുവിശേഷങ്ങൾ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യന്റെ പരിമിതികളെല്ലാം അനുഭവിച്ചിരുന്ന ഈശോ തനിക്ക് അനുഭവപ്പെട്ട പ്രലോഭനങ്ങളെ അതിജീവിച്ചത് എങ്ങനെയോ അപ്രകാരമായിരിക്കണം ഓരോ വിശ്വാസിയും തന്റെ ജീവിതപ്രലോഭനങ്ങളെ മറികടക്കേണ്ടത്.

വിശുദ്ധിയുടെ മുത്തുകൾക്ക്

# കാവലാൾ 4

ജാൻസിടീച്ചർ
കറുകപ്പറമ്പിൽ

ഒരു വലിയ പ്രകാശ വലയം. അതിനുള്ളിൽ അവ്യക്തമായ രണ്ടു രൂപങ്ങൾ... അവൾ സൂക്ഷിച്ചു നോക്കി. രൂപങ്ങൾ കൂടുതൽ വ്യക്തതയോടെ അവളുടെ കൺമുന്നിലെത്തി. കുഞ്ഞിനെ ചേർത്തു പിടിച്ചിരിക്കുന്ന സുന്ദരിയായ ഒരു യുവതി. അന്ധയാണവളെന്ന് തോന്നി. സ്റ്റീന വീണ്ടും സൂക്ഷിച്ചു നോക്കിയപ്പോൾ അവൾക്ക് തന്റെ അമ്മയുടെ ചിത്രത്തോട് സാമ്യം. ആ കുഞ്ഞിന് തന്റെ ഛായ... അവൾ നോക്കിയിരിക്കുമ്പോൾ ആ യുവതിയുടെ മുഖം പരിശുദ്ധ അമ്മ യുടെ മുഖമായിമാറി... കുഞ്ഞാകട്ടെ ഉണ്ണീശോയുടെ പുഞ്ചിരിക്കുന്ന മുഖമായി...

"സ്റ്റീനാ... നീ ആരാ?"

"ഞാൻ എന്റെ ഉണ്ണീശോയുടെ സ്റ്റീനാ..."

"എങ്കിൽ ഞാൻ നിന്റെ ഉണ്ണീശോയാ..."

ഉണ്ണീശോയെ കയ്യിലെടുക്കാൻ അവൾ കൈനീട്ടി എഴുന്നേറ്റു. പെട്ടെന്നാ കാഴ്ച്ച മറഞ്ഞു.

സ്റ്റീനയുടെ കണ്ണുകൾ തുറന്നിരുന്നെങ്കിലും അവൾ മറ്റേതോ ലോകത്തിലാണെന്ന് മുറിയിൽ കടന്നുവന്ന ഗൊരേത്തിയമ്മയ്ക്കു തോന്നി.

"മോളെ സ്റ്റീനാ..." സിസ്റ്റർ അവളെ തട്ടിവിളിച്ചു...

"ങേ...ഞാനെവിടെയാ അമ്മേ"

"നീയിവിടെ നിന്റെ കട്ടിലിൽ... ദേ നോക്ക്... എന്നെ കണ്ടില്ലേ..."

യാഥാർത്ഥ്യത്തിലേക്ക് തിരികെ വരാൻ അവൾ കുറെ സമയമെ ടുത്തു. അവളുടെ മനസ്സിന്റെ ആനന്ദം പറഞ്ഞറിയിക്കാൻ പറ്റാത്ത തായിരുന്നു. 'ഞാൻ നിന്റെ ഉണ്ണിശോ'യാണെന്നു പറഞ്ഞ ആ വാക്കു കൾ വീണ്ടും അവളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങി.

ഗൊരേത്തി സിസ്റ്റർ വീണ്ടും അവളോടു ചോദിച്ചു: "മോളെ നീയിപ്പോൾ എന്താണു കണ്ടത്... നിന്റെ മുഖം വല്ലാതെ പ്രകാശിക്കു ന്നതു ഞാൻ കണ്ടു".

അവൾ ഗൊരേത്തിയമ്മയോട് എല്ലാം പറഞ്ഞു.

“അപ്പോൾ അന്ധയായിരുന്നോ മോളുടെ അമ്മ”.

“അന്ധയും ബധിരയും മൂകയും”.

അവളാ കഥ പറഞ്ഞു. ‘‘അമ്മേ, എന്റെ അമ്മയും കുഞ്ഞാന്റിയും. അങ്ങനെ രണ്ടു പെൺമക്കളായിരുന്നു വല്യമ്മച്ചിക്കും വല്യപ്പച്ചനും. കൊളുന്തു നുള്ളുവാൻ വല്യമ്മച്ചിയും ഏലത്തിന്റെ പണിക്ക് വല്യപ്പച്ചനും പോകുമായിരുന്നു. പാമ്പു കടിയേറ്റ് വല്യപ്പച്ചൻ മരിക്കുമ്പോൾ അമ്മയ്ക്കു 12 വയസും ആന്റിക്ക് ഒരു വയസുമായിരുന്നു.

കുഞ്ഞുങ്ങളെ വളർത്താൻ കഷ്ടപ്പെട്ട വല്യമ്മച്ചി എന്റെ അമ്മയുടെ അടുത്ത് കുഞ്ഞിനെ ഏൽപ്പിച്ചിട്ട് പണിക്കുപോയി. കണ്ണു കാണത്തില്ലെങ്കിലും എന്തെങ്കിലുമൊക്കെ കുറച്ചു ചെയ്ത് പ്രാർത്ഥിക്കാനിരിക്കും പോലെ അമ്മ ഇരിക്കുമായിരുന്നു. കുഞ്ഞാന്റി സ്കൂളിൽ പോകാൻ തുടങ്ങിയപ്പോൾ മുതൽ അമ്മ വീട്ടിൽ തനിച്ചായിരുന്നു.

അവളുടെ മനസ്സിൽ അടക്കി വച്ചിരുന്നതെല്ലാം പറഞ്ഞ് അവൾ ഒന്ന് സ്വതന്ത്രയാകട്ടെ എന്ന് ഗൊരേത്തിയമ്മ കരുതി. സിസ്റ്റർ അവളുടെ കൈപിടിച്ച് തന്റെ കൈയിൽവച്ചു.

“മതി ഇനി മോളൊന്നും പറയണ്ട... അതെന്നും ഓർക്കുകയും വേണ്ട. ഉറങ്ങിക്കോ, വിശ്രമമാണ് ഇപ്പോൾ വേണ്ടത്”. നിഷ്കളങ്കമായ ആ ചിരിയിലേക്കു നോക്കിനിന്നപ്പോൾ അവളുടെ അമ്മയുടെ കഥയായിരുന്നു സിസ്റ്ററിന്റെ മനസ്സിൽ. പത്രത്താളുകളിൽ നിറഞ്ഞ ഒരു കഥ. ‘അന്ധയും ബധിരയും മൂകയുമായിരുന്ന ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തി രക്ഷപ്പെട്ടുപോയ ഏതോ ഒരു തോട്ടം ഉടമയുടെ കഥ. കുഞ്ഞിന് ജന്മം കൊടുത്ത് മരണമടഞ്ഞ ആ പെൺകുട്ടിക്ക് നീതി നിഷേധിച്ചവരുടെ തെറ്റ്. അവൾക്കു വേണ്ടി ദൈവമൊരുക്കിയതാണ് ഈ കുഞ്ഞ്... ഇത്ര നല്ല ഒരു മകൾ. ദൈവദർശനം കിട്ടിയ ഈ കുഞ്ഞ്. ദൈവമേ, അവളുടെ നിഷ്കളങ്കത എന്നും ഇങ്ങനെ നിലനിൽക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഗൊരേത്തിയമ്മ ആ മുറിവിട്ടിറങ്ങി.

പ്രതീക്ഷയുടെ
പൂമൊട്ടുകൾ



# അരികിലണയ്ക്കാൻ ഒരു ജന്മം

**സാബി കോഴിക്കോട്**

ജന്മദിനം ഏവർക്കും പ്രിയങ്കരമാണ്. നാമേറെ സ്നേഹിക്കുന്ന രണ്ടു സുഹൃത്തുക്കളുടെ ജന്മദിനം ഒരേ ദിവസം വന്നാലോ... ഇരട്ടിമധുരം കഴിച്ച അനുഭവമാകില്ലേ. '2017 നവംബർ 17' അന്നായിരുന്നു എന്റെ പ്രിയസുഹൃത്തുക്കളുടെ ജന്മദിനം. തലേന്നു തന്നെ പിറ്റെ ദിവസത്തെ എങ്ങനെ മോടിപിടിപ്പിക്കാം എന്ന ഹരത്തിലായിരുന്നു ഞാൻ... ഒരാൾ ജോലിക്കായി ബംഗളൂരുവിലും മറ്റെയാൾ എന്റെ വീട്ടിൽ നിന്നും 200 മീറ്റർ അകലത്തിലും. രാവിലെ 5 മണിക്കു തന്നെ ഉണർന്ന് ബംഗളൂരുള്ള ആളെ ആശംസകൾ അറിയിച്ചു. കുറെ മണിക്കൂറുകൾ കഴിഞ്ഞ് അടുത്തുള്ള സുഹൃത്തിന്റെ വീട്ടിലേക്ക് ആശംസാകാർഡും പുഷ്പങ്ങളും ഒക്കെയായി എത്തിയ എന്നെ എതിരേറ്റത് അതിശയിപ്പിക്കുന്ന ഒരു ചോദ്യമായിരുന്നു. "നീ ആദ്യമേ തന്നെ അകലെയുള്ള ആളെ വിളിച്ച് അടുത്തിരുത്തി. അടുത്തിരുന്ന എന്നെയോ എത്രമാത്രം അകലെയിരുത്തി". വോൾട്ടേജ് പോയ ലൈറ്റ് പോലെയിരുന്ന എന്റെ മുഖം കണ്ടിട്ടാവാം പെട്ടെന്നുതന്നെ രംഗം മാറ്റി എന്നെ വീട്ടിനുള്ളിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആഘോഷമൊക്കെ കഴിഞ്ഞ് തിരിച്ചു വീട്ടിലേക്കു നടക്കുമ്പോഴും ഇന്നീ നി

മിഷം വരെയും അവന്റെ വാക്കുകൾ എന്നെ യഥാർത്ഥ സൗഹൃദത്തിന്റെ തിരിച്ചറിവിലേക്ക് നയിക്കുന്നു.

പണ്ടൊക്കെ മനുഷ്യൻ പറയുമായിരുന്നു കണ്ണിൽ നിന്നുമകന്നാൽ കരളിൽ നിന്നും അകന്നുവെന്ന്. എന്നാലിന്ന് തത്ത്വം മാറി. അകലെയിരിക്കുന്നവരെ സ്നേഹിക്കുവാനും അവരെ നമ്മുടെ ഹൃദയത്തോടും ചിന്തകളോടും ചേർത്തുനിർത്തുവാനുമാണെളുപ്പം. അടുത്തിരിക്കുന്നവർ, തോളോടുതോൾ ചേർന്നിരിക്കുന്നവർ നമുക്കൊരു 'അന്യഗ്രഹ ജീവി'പോലെയാണ്. എപ്പോഴും നമ്മെ വിമർശിക്കുന്ന, നമ്മുടെ കുറവുകളിലേക്ക് വിരൽ ചൂണ്ടുന്ന, സ്വാതന്ത്ര്യങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന വിചിത്ര ജന്മങ്ങൾ.

സുവിശേഷത്തിന്റെ ഏടുകളിൽ സൗഹൃദത്തിന്റെ മാറ്റുരയ്ക്കുന്ന ഈശോയെ നമുക്ക് കാണാം. അവിടുത്തെ സൗഹൃദത്തിൽ നിന്നും അകറ്റപ്പെട്ടവർ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടായിരുന്നല്ലോ ഒറ്റിയ യൂദാസിനെയും തള്ളിപ്പറഞ്ഞ പത്രോസിനെയും പ്രതിസന്ധിഘട്ടത്തിൽ ഇട്ടെറിഞ്ഞുപോയ ശിഷ്യഗണത്തെയും സൗഹൃദത്തിന്റെ പന്തിഭോജനത്തിൽ അവിടുന്ന് ഉൾപ്പെടുത്തിയത്. പാദങ്ങളോളം താഴ്ന്ന് സൗഹൃദത്തിന്റെ ആഴം താഴ്മയിലാണെന്ന് പഠിപ്പിച്ചത്.

സൗഹൃദങ്ങളുടെ കണ്ണികൾ അറ്റുപോകാതിരിക്കുവാൻ 'നമ്മുടെ തന്നെ ചില മരണോത്ഥാനങ്ങൾ' കൂടിയേ തീരൂ. ഈശോയുടെ സൗഹൃദം അനുഭവിച്ചവരൊക്കെ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആകേണ്ടതിലേക്കും ഇല്ലായ്മയിൽ നിന്നും ഉള്ളായ്മയിലേക്കും രോഗത്തിൽ നിന്നും സൗഖ്യത്തിലേക്കും നിരാശയിൽ നിന്നും പ്രത്യാശയിലേക്കും സങ്കടക്കടലിൽ നിന്നും ആശ്വാസതീരത്തേയ്ക്കും നടന്നടുത്തു. ദൈവം സൂക്ഷിക്കാനേൽപിച്ച ജീവിതപങ്കാളികൾക്കും മക്കൾക്കും മാതാപിതാക്കൾക്കും അയൽവാസികൾക്കും നമുക്ക് ജീവൻ പകരുന്ന സുഹൃത്തുക്കൾക്കും എന്നുവേണ്ട, കണ്ടുമുട്ടുന്ന ഓരോരുത്തർക്കും നമ്മിൽ നിന്നും ആഴമേറിയ സൗഹൃദത്തിന്റെ നിധി ഖനനം ചെയ്യാനാവട്ടെ.

## ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നവർ

1-ാം വെള്ളി: സ്നാപകയോഹന്നാൻ
2-ാം വെള്ളി: പത്രോസ്-പൗലോസ്ശ്ലീഹന്മാർ
3-ാം വെള്ളി: സുവിശേഷകന്മാർ
4-ാം വെള്ളി: എസ്തപ്പാനോസ്
5-ാം വെള്ളി: ഗ്രീക്ക് മല്പാന്മാർ
6-ാം വെള്ളി: സുറിയാനിമല്പാന്മാർ
7-ാം വെള്ളി: ദൈവാലയമധ്യസ്ഥൻ
8-ാം വെള്ളി: മരിച്ച വിശ്വാസികൾ

എന്നാൽ ഈ വർഷം ദനഹാക്കാലത്തിൽ 5 വെള്ളിയാഴ്ചകൾ മാത്രമാണുള്ളത്. അതിനാൽ നാലും അഞ്ചും ആറും വെള്ളിയാഴ്ചകളിലെ തിരുനാളുകൾ ഒന്നിച്ച് നാലാം വെള്ളിയാഴ്ച ആഘോഷിക്കുന്നു. അഞ്ചാം വെള്ളിയാഴ്ച സകല മരിച്ചവരുടെ ഓർമ്മയും.



# സ്നേഹം: പാഠവും പഠനവും

ഡോ. ജേക്കബ് കോയിപ്പള്ളി
കാനാ, തുരുത്തി

ധാർമ്മിക യാത്രയിലെ ഭയപ്പാടും വാഗ്ദാനവും ഒന്നുതന്നെയാണ് - നാം എന്തു ചെയ്യുന്നുവോ, അത് നമ്മിൽ സംഭവിപ്പിക്കുന്ന രൂപഭേദം. അല്പംകൂടി വ്യക്തമായി പ്പറഞ്ഞാൽ, എന്തു ധ്യാനിക്കുന്നുവോ നാം അതായിത്തീരും എന്നു പറയുന്നതുപോലെ, നാം എന്തു (നന്മ, തിന്മ....) സ്നേഹിക്കുന്നുവോ അതായിത്തീരും. നമ്മുടെ സ്നേഹത്തിന്റെ കേന്ദ്രം നമ്മെ പുനർനിർമ്മിക്കുന്നു; ഉടച്ചു വാർക്കുന്നു.


ഒരു പ്രവൃത്തി സ്നേഹത്താൽ പ്രേരിതരായി ചെയ്യുമ്പോൾ നാം ഒരു ആനന്ദം അനുഭവിക്കുന്നുണ്ട്. എന്നാൽ, ആ സമയത്ത് ഉളവാകുന്ന ആനന്ദത്തേക്കാളുപരിയായ ഒരു ഊർജ്ജം അതിലുണ്ട്. ഈ ഊർജ്ജം നമ്മിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ നമ്മുടെ പ്രവർത്തനങ്ങളിൽ നമുക്ക് സംതൃപ്തി ലഭിക്കില്ല.

നമ്മുടെ ആഗ്രഹങ്ങളിൽ സമാധാനം എത്തിക്കുന്ന ഉറവിടത്തിലേക്കാണ് സ്നേഹത്താൽ പ്രേരിതമായ പ്രവൃത്തി നമ്മെ എത്തിക്കുക. ഒരുവന്റെ ധാർമ്മികയാത്ര ആരംഭിക്കുന്നത് അവന്റെ ശൂന്യതാബോധത്തിൽനിന്നാണ്. അതായത്, തന്റെ അപൂർണ്ണതയെക്കുറിച്ചുള്ള തിരിച്ചറിവിൽനിന്നാണ്. അസ്വാസ്ഥ്യജനകങ്ങളായ അപൂർണ്ണതകളാണ് പലപ്പോഴും നമുക്ക് കൂട്ടിനുള്ളത്. ധനികനായ മനുഷ്യൻ വ്യക്തമായ ഒരു ഉദാഹരണമാണല്ലോ.

പൂർണ്ണതയ്ക്കുവേണ്ടിയുള്ള പരക്കംപാച്ചിലിലാണ് നാം സ്നേഹിച്ചു തുടങ്ങുക. എന്നാൽ മനുഷ്യനെ പൂർണ്ണതയിലെത്തിക്കുന്ന നന്മ നിലവിലിരിക്കുമ്പോൾത്തന്നെ യഥാർത്ഥത്തിൽ അവനു പൂർണ്ണത നല്കാനാവാത്ത ചില "നന്മ"കളെ (അവനു നന്മയെന്നു സ്വയം തോന്നുന്നവയെ) ആ സ്ഥാനത്തേക്ക് അവൻ പകരംവയ്ക്കുന്നു.

നമ്മെ പൂർണ്ണരാക്കാനും സുഖപ്പെടുത്താനും പുനരുദ്ധരിക്കാനും കഴിയുന്ന നന്മയിലേക്ക് സ്നേഹം കേന്ദ്രീകരിക്കുക. ഈ സ്നേഹകേന്ദ്രീകരണത്തിന്റെ അഭാവത്തിലാണ് നമ്മിൽ നിരാശ രൂപംകൊള്ളുന്നത്; പ്രതിസന്ധികൾ ഉണ്ടാകുന്നത്. 1

ആഗ്രഹിച്ചും പ്രത്യാശിച്ചും ശാന്തതയുടെ തീരത്തേക്കു നടക്കുന്നതാണ് ക്രിസ്തീയജീവിതം അഥവാ സ്നേഹമാർഗ്ഗം.



# ടെൻഷൻ ടെൻഷൻ സർവ്വത്ര... ഫലമോ...?

**നെവിൻ മങ്ങാട്ട്**

രണ്ടു പ്രസ്ഥാനങ്ങളുടെ ചുമതല വഹിക്കുന്ന അനിയൻ എന്നു പേരുള്ള ഒരു യുവാവ്. രണ്ടു പ്രസ്ഥാനങ്ങളും സ്വന്തം പരിശ്രമത്താൽ, കഠിനാദ്ധ്വാനത്താൽ വളർത്തി വലുതാക്കി. പ്രസ്ഥാനങ്ങൾ ദൈവാനുഗ്രഹത്താൽ തരക്കേടില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. പക്ഷേ അനിയൻ എല്ലാവരുടെയും അനിയൻ എന്ന് പറയാനാവുംവിധം 'ഉണങ്ങി' ഒരു പരുവത്തിലെത്തി. കാരണം മറ്റൊന്നുമല്ല... ടെൻഷൻ തന്നെ! ചെറുതും വലുതുമായ പ്രശ്നങ്ങൾ പ്രസ്ഥാനത്തിനുള്ളിൽ സംഭവിക്കുമ്പോൾ അനിയൻ 'ഓഫ്' ആകും. ജീവിതപങ്കാളിയോടും മക്കളോടും പൊട്ടിത്തെറിക്കും. ആരോടും മിണ്ടില്ല, ഇടയ്ക്കിടയ്ക്ക് കണ്ണീർ വാർക്കും... ചിലപ്പോൾ നിയന്ത്രണം തന്നെ നഷ്ടമാകും... ശ്വാസം പോലും നേരാംവിധം എടുക്കുന്നുണ്ടോ എന്നുതോന്നും. അത്രമാത്രം ടെൻഷൻ!

ലൂക്കാ 12,25 ൽ പറയുന്നു: "നിങ്ങൾ ആകുലരാകുന്നതുകൊണ്ട് ആയുസിന്റെ ദൈർഘ്യം ഒരു മുഴം കൂടി നീട്ടാൻ നിങ്ങളിൽ ആർക്കു സാധിക്കും? ഏറ്റവും നിസ്സാരമായ ഇതുപോലും നിങ്ങൾക്ക് ചെയ്യാനാവില്ലെങ്കിൽ മറ്റുള്ളവയെപ്പറ്റി ആകുലരാകുന്നതെന്തിന്?" 'ചുമതലകളേല്പിക്കുന്ന തമ്പുരാൻ നമ്മെ ചുമലിൽ വഹിച്ചുകൊള്ളും' എന്ന ഉറപ്പില്ലായ്മയല്ലേ ഈ ടെൻഷന്റെ കാരണം? "ഉത്ക്കണ്ഠ ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നു" (സുഭാ 12,25). "പ്രശാന്തമായ മനസ്സ് ശരീരത്തിന് ഉന്മേഷം നൽകുന്നു" (സുഭാ 14,30). വിശുദ്ധ ഗ്രന്ഥത്തിന്റെ ഏടുകളിലൂടെ കടന്നുപോകുമ്പോൾ ഒരു യാഥാർത്ഥ്യം നമുക്ക് കണ്ടെത്താനാവും. അതു മറ്റൊന്നുമല്ല -ദൈവം ഭരമേല്പിച്ച ശ്രമകരമെന്നുതോന്നുന്ന ദൗത്യങ്ങ




ളിലും അവയുടെ രസകരമായ നിർവ്വഹണ ത്തിലും പൂർത്തീകരണത്തിലുമുള്ള ദൈവ ത്തിന്റെ അത്ഭുതകരമായ ഇടപെടൽ... അത് അവർണ്ണനീയമാണ്. ദൈവം നമ്മെ ഒരു ഉത്ത രവാദിത്വം ഏൽപിക്കുമ്പോൾ 'കൃപയുടെ കല വറയും' നമ്മിൽ നിക്ഷേപിക്കും.

**വിശുദ്ധ ജീവിതങ്ങളിലൂടെ**

അബ്രാഹത്തെപ്പറ്റി ഓർക്കാം. ദൈവം അബ്രാഹത്തോട് അരുളിച്ചെയ്യുന്നു: 'സ്വന്ത മെന്നു വിചാരിക്കുന്ന എല്ലാറ്റിനെയും വിട്ട് ദൈവം കാട്ടിത്തരുന്ന നാട്ടിലേക്കു പോകുക' (ഉൽപ 12,1). അബ്രാഹത്തിന് എതിർക്കാമായി രുന്നു; ഉത്ക്കണ്ഠപ്പെടാമായിരുന്നു. പക്ഷേ ഉൽപ 12,4 ൽ വചനം ഇപ്രകാരം പറയുന്നു "ദൈവം കല്പിച്ചതനുസരിച്ച് അബ്രാഹം പുറ പ്പെട്ടു". എന്തായിരുന്നു അബ്രാഹത്തിനു ലഭിച്ച കൃപയുടെ കലവറ? ഉൽപ 15:1-ൽ നാം വായി ക്കുന്നു: **"അബ്രാഹം നീ ഭയപ്പെടേണ്ട, ഞാൻ നിനക്ക് പരിചയാണ് നിന്റെ പ്രതിഫലം വലു തായിരിക്കും".**

പുറ 3,10: "നീ എന്റെ ജനമായ ഇസ്രാ യേൽ മക്കളെ ഈജിപ്തിൽനിന്നും പുറത്തു കൊണ്ടുവരണം". മോശയ്ക്ക് എതിർക്കാമായി രുന്നു. എന്നാൽ പുറപ്പാട് 3:13 ൽ പറയുന്നു: "മോശ ദൈവത്തോടു പറഞ്ഞു. ഇതാ, ഇസ്രാ യേൽ മക്കളുടെ അടുക്കൽപോയി നിങ്ങളുടെ പിതാക്കൻമാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു എന്നു പറ യുക"... തുടർന്ന് ദൈവം മോശയുടെ ജീവിത ത്തിൽ നിറച്ച കൃപയുടെ കലവറ എന്തായി രുന്നു? **"അവിടുന്ന് മോശയോട് അരുളി ച്ചെയ്തു: ഞാൻ നിന്നോടു കൂടെ ഉണ്ടായി രിക്കും"** (പുറ 3,12). പുറപ്പാടു പുസ്തകത്തിൽ പിന്നീട് നാം കാണുക അത്ഭുതങ്ങളുടെ പെരു മഴ തന്നെയാണ്. പത്ത് മഹാമാരികളിലൂടെ ദൈവം ഇടപെടുന്നു. " കർത്താവ് നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്തുകൊള്ളും നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ 14,14).

ജോഷ്വാ 1,6: " കർത്താവ് ജോഷ്വായോട് അരുളിച്ചെയ്തു. ഈ ജനത്തിനു നൽകുമെന്ന് ഇവരുടെ പിതാക്കൻമാരോട് വാഗ്ദാനം ചെയ്തിരുന്ന ദേശം ഇവർക്ക് അവകാശമായി വീതിച്ചു കൊടുക്കേണ്ടത് നീയാണ്". ആമുഖ ത്തിൽ പറയുന്നു: മോശയുടെ പിൻഗാമിയായി ദൈവം തിരഞ്ഞെടുത്തത് ജോഷ്വായെയാണ്. കാനാൻദേശം കയ്യടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്ക് ഭാഗിച്ചു കൊടുക്കുക എന്നീ ശ്രമകരമായ രണ്ട് ദൗത്യങ്ങളാണ് ജോഷ്വാ നിർവഹിക്കേണ്ടിയിരുന്നത്. ഇത് അത്ര ദുഷ്കരമാണ് എന്നറിഞ്ഞിട്ടും യാതൊരു പിറു പിറുപ്പുകളോ, എതിരഭിപ്രായങ്ങളോ കൂടാതെ ജോഷ്വാ ദൗത്യം ആരംഭിക്കുകയാണ്. ജോഷ്വായ്ക്ക് ലഭിച്ച കൃപയുടെ സമൃദ്ധിയോ? വചനം ഓർമ്മപ്പെടുത്തുന്നു: "നിന്റെ ആയു ഷ്ക്കാലത്തൊരിക്കലും ആർക്കും നിന്നെ തോൽപ്പിക്കാൻ സാധിക്കുകയില്ല. ഞാൻ മോശ യോടുകൂടി എന്നപോലെ നിന്നോടുകൂടി ഉണ്ടാ യിരിക്കും. ഒരിക്കലും നിന്നെ കൈവിടുകയില്ല ശക്തനും ധീരനുമായിരിക്കുക... നിന്റെ ദൈവ മായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടിയുണ്ടായിരിക്കും" (ജോഷ്വാ 1,5-9).

ഇതാണ് തമ്പുരാന്റെ ഉറപ്പ്... പാട്ടിന്റെ വരി കൾ അർത്ഥസമ്പുഷ്ടമാണ്:

അജ്ഞാതമാം രണ്ട് പാദങ്ങൾക്കൂടി
കാണുന്നു ഞാനെൻ പാദങ്ങൾക്കൊപ്പം
ജനനംമുതൽ എന്റെ യാത്രയിൽ തുണയായ്
എന്നോടൊപ്പം നടന്നവനാര്
മകനെ അന്നതു ഞാനായിരുന്നു
നിന്നെ സൃഷ്ടിച്ച നിന്റെ ദൈവം.

ഇതാണ് തമ്പുരാന്റെ സ്നേഹം. സഹന ത്തിലും വേദനയിലും ഒറ്റപ്പെടലിലും ഏകാ ന്തതയിലും തോളിൽ വഹിക്കുന്ന ദൈവം... നാം തൊടുന്നത് പൊന്നാക്കുന്ന ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കാം... സർവ്വം ഭര മേൽപ്പിക്കാം... വിശ്വാസത്തോടെ കൃപയുടെ സമൃദ്ധിക്കായി കാത്തിരിക്കാം.



# വാർദ്ധക്യത്തെ വസന്തമാക്കണം!

(കഴിഞ്ഞ ലക്കം തുടർച്ച)

**ടോംസ് ആന്റണി**
തത്തംപള്ളി

**നഷ്ടപ്പെടുന്ന അംഗീകാരം:** മുതിർന്നവരെ ആദരിക്കുക എന്ന പഴയ തലമുറയുടെ ശൈലി പുതിയ തലമുറയ്ക്ക് അന്യമായിരിക്കുന്നു. ടി.വി. കണ്ടുകൊണ്ടിരിക്കുന്ന ഒരു കുട്ടി മുതിർന്നവർ വീട്ടിൽ വന്നുകയറുമ്പോൾ എഴുന്നേൽക്കാറുണ്ടോ എന്ന് വീട്ടുകാർ ശ്രദ്ധിക്കാറുണ്ടോ? ബസ്സിലും, പൊതു ഇടങ്ങളിലും യാത്രചെയ്യുമ്പോഴും, ആയിരിക്കുമ്പോഴും മുതിർന്നവർക്ക് ഇരിപ്പിടം ഒരുക്കിക്കൊടുക്കുവാൻ നാം തയ്യാറാകാറുണ്ടോ? പഴയകാലത്ത് വയോധികനായ ഒരാൾക്ക് ആ നാട്ടിലെ എല്ലാവരേയും ശാസിക്കുവാനും തിരുത്തുവാനുമുള്ള അധികാരവും അവസരവും ഉണ്ടായിരുന്നു. ഇന്നത്തെ തലമുറയുടെ മേലുള്ള മുതിർന്ന




തലമുറയുടെ കടിഞ്ഞാൺ നഷ്ടമായതാണ് ഈ കാലഘട്ടത്തിന്റെ ശാപം. നമ്മുടെ ഭവനങ്ങളിലും, ബന്ധങ്ങളിലും, സുഹൃത്‌വലയങ്ങളിലും പ്രായമുള്ളവർക്ക് എത്രമാത്രം ബഹുമാനവും കരുതലും നാം കൊടുക്കാറുണ്ട് എന്നത് ഇവിടെ ചിന്തനീയമാണ്.

മാറുന്ന കുടുംബപശ്ചാത്തലം ഏറ്റവും കൂടുതൽ ബാധിക്കുന്നത് വൃദ്ധജനങ്ങളെയാണ്. സ്വന്തം നാടും, വീടുംവിട്ട് മറ്റിടങ്ങളിലേയ്ക്ക് പോകുവാൻ വൃദ്ധജനങ്ങളുടെ ഗൃഹാതുരത്വം അനുവദിക്കുന്നില്ല. പുതിയ തലമുറ വളരെ നിഷ്പ്രയാസം പുതിയ സ്ഥലങ്ങളിലേക്ക് ചേക്കേറുന്നു. ഇതുമൂലമുണ്ടാകുന്ന ഒട്ടനവധി പ്രശ്നങ്ങൾ വാർദ്ധക്യത്തെ കീഴടക്കുന്നു. അണുകുടുംബ സംവിധാനങ്ങളും വാർദ്ധക്യത്തിന്റെ ഏകാന്തത വർദ്ധിപ്പിക്കുന്നു. ജീവിതായോധനത്തിനുവേണ്ടിയുള്ള നട്ടം തിരിച്ചിലിനിടയിൽ വൃദ്ധജനങ്ങൾ വല്ലാതെ ഒറ്റപ്പെട്ടു പോകുന്നു.

**സാമ്പത്തിക രംഗത്ത്**: ആരോഗ്യം ക്ഷയിക്കുന്നതോടുകൂടി തൊഴിൽ ക്ഷമത കുറയുന്നത് വാർദ്ധക്യം നേരിടുന്ന പ്രധാന പ്രശ്നമാണ്. അതിനാൽ വരുമാനം കുറയുന്നു. റിട്ടയർ ആയതിനുശേഷം പെൻഷൻ വാങ്ങിയിരിക്കുന്നവരും ഉണ്ട്. തങ്ങൾക്കുള്ള വരുമാനത്തിനുമേൽ ഒരവകാശവുമില്ലാത്ത വയോജനങ്ങളുടെ എണ്ണവും പെരുകുകയാണ്. കടക്കെണിയിൽ പെട്ടു കഴിയുന്ന വയോജനങ്ങളുമുണ്ട്. തങ്ങൾ വരുത്തിവച്ച കടത്തിന് യാതൊരു ബാദ്ധ്യതയുമില്ലെന്നുപറഞ്ഞ് തന്നിഷ്ടത്തോടെ ജീവിക്കുന്ന പുതിയ തലമുറ വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾക്കു വെല്ലുവിളി ഉയർത്തിക്കൊണ്ട് നിലനിൽക്കുകയാണ്. സുരക്ഷിതമായ പാർപ്പിടമില്ലായ്മയും, ഉള്ള പാർപ്പിട സംവിധാനത്തിൽ വയോജന സൗഹൃദമായ ഉപകരണങ്ങളും സംവിധാനങ്ങളും ഇല്ലാത്തതും ഏറെ ക്ലേശകരമാണ്. ശുചിമുറികൾ അടുത്തില്ലാത്തത്; പിടിച്ചുനടക്കാനുള്ള സംവിധാനമില്ലാത്തത് തുടങ്ങി പാർപ്പിടത്തിൽ വയോജനങ്ങൾക്കുണ്ടാകേണ്ട അനിവാര്യമായ സംവിധാനങ്ങൾ ഇല്ല എന്നത് സങ്കടകരമാണ്.

ആസ്തികളുടെ കൈമാറ്റമാണ് വാർദ്ധ്യകം നേരിടുന്ന വലിയ ഒരു പ്രതിസന്ധി. കഷ്ടപ്പെട്ട് ഉണ്ടാക്കിയ സ്വത്തുക്കൾക്കു വേണ്ടി മക്കൾ മത്സരിക്കുകയും, വീതം വച്ചു കിട്ടുന്നതിനുവേണ്ടി വൃദ്ധരായ മാതാപിതാക്കളെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നത് പതിവ് കാഴ്ചയായിട്ടുണ്ട്. ഭീഷണിക്ക് വഴങ്ങിയോ തന്ത്രപൂർവ്വമോ സ്വത്തുക്കൾ കൈക്കലാക്കിയാൽ പിന്നെ പലയിടത്തും വൃദ്ധജനങ്ങൾ ബാദ്ധ്യതയായി മാറുന്നുണ്ട്. സാമ്പത്തിക വരുമാനമുള്ള വൃദ്ധജനങ്ങളെ സാമ്പത്തികമായി ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും ചെയ്യുന്നവരുടെ എണ്ണവും പെരുകി വരുന്നു. ഒരു വരുമാനവുമില്ലാത്തതു മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഒട്ടേറെ വൃദ്ധജനങ്ങളുണ്ട്.

**സുരക്ഷിതത്വപ്രശ്നങ്ങൾ**: തങ്ങളുടെ ആരോഗ്യനിലവാരമനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ ഭവനങ്ങളിലോ, മറ്റു പൊതുയിടങ്ങളിലോ വേണ്ടുവോളമില്ലാത്തിനാൽ വൃദ്ധരായവർ അനുഭവിക്കുന്ന സുരക്ഷിതത്വപ്രശ്നങ്ങൾ ഏറെയാണ്. ശാരീരികമായ മർദ്ദനങ്ങളും, മാനസിക പീഡനങ്ങളും അനവധി ഇവർക്ക് ഉണ്ടാകാറുണ്ട്. പണത്തിനും, സ്വർണ്ണത്തിനും വേണ്ടി പിടിച്ചുപറിയും കൊലപാതകവും വരെ നമ്മുടെ നാട്ടിൽ അരങ്ങേറുന്നു. വൃദ്ധരുടെ നേരെയുള്ള ആക്രമണങ്ങളും ഇന്ന് കൂടിവരുന്നു. ഭിക്ഷാടനത്തിനും മറ്റും വരുന്നവർ വൃദ്ധരായവരെ ഉപദ്രവിക്കുകയും പിടിച്ചുപറിനടത്തു

കയും ചെയ്തുവരുന്നു. ചിലയിടങ്ങളിൽ ഇത്തരം ആക്രമണങ്ങൾ മരണത്തിനുതന്നെ കാരണമാകുന്നുണ്ട്. സുരക്ഷിതത്വമില്ലാതെ ഭയാശങ്കകളോടെ കഴിയുന്ന വൃദ്ധജനങ്ങൾ ഇന്ന് ഏറിവരികയാണ്.

**വൃദ്ധകളുടെ പ്രത്യേക പ്രശ്നങ്ങൾ**: സ്ത്രീജനങ്ങൾ എന്ന നിലയിൽ വൃദ്ധകളുടെ പ്രശ്നങ്ങൾക്ക് ആക്കം കൂടും. വിധവ എന്ന നിലയിൽ വൃദ്ധകൾ അനുഭവിക്കുന്ന മാനസിക വ്യഥകൾ വളരെ വലുതാണ്. ഭർത്താവിന്റെ പേരിൽ സ്വത്ത് ഉള്ളപ്പോൾ ആധികാരികത ഇല്ലാത്തതിന്റെ പേരിൽ നേരിടുന്ന പ്രശ്നങ്ങളും പലരും അനുഭവിക്കുന്നു. വൃദ്ധകളായവരെ ചതിവിൽപ്പെടുത്തി സ്വത്തുതട്ടിയെടുക്കുന്നതും പതിവായിരിക്കുന്നു. ധനസംബന്ധമായ കാര്യങ്ങളിലുള്ള അറിവില്ലായ്മയും ഫലപ്രദമായി ചിലർ ചൂഷണം ചെയ്യുന്നു. വൃദ്ധകളായ സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കുന്നതും ഇന്ന് പതിവായിരിക്കുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവർ കുടുംബത്തിൽ നിന്നുപോലും ഇവരെ പീഡിപ്പിക്കുന്നു എന്നത് എത്രയോ ഭീതിദമാണ് ! കൂടാതെ അയൽപക്കക്കാർ, വീട്ടിൽ ജോലിക്കുവരുന്നവർ, ഭിക്ഷക്കാർ, കവർച്ചനടത്തുന്നവർ എന്നിവരൊക്കെ ഇവരെ പീഡിപ്പിക്കാറുള്ളത് ചിലയിടങ്ങളിൽ നിന്നും കേൾക്കാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഭൂരിഭാഗവും പുറത്തറിയാറില്ല എന്നതാണ് ഭയാനകം!

**ആരോഗ്യപ്രശ്നങ്ങൾ**: ഭൂരിഭാഗം വയോജനങ്ങളും രോഗാതുരരാണ്. വളരെ ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇവരെ വേട്ടയാടുന്നത്. കേരളത്തിൽ എഴുപത് വയസ്സ് പിന്നിട്ടവരിൽ 34% പേരും വൃക്കരോഗത്തിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് ഒരു പഠനറിപ്പോർട്ട് പറയുന്നത്. പ്രമേഹവും, രക്തസമ്മർദ്ദവും ഏറെപ്പേർക്കുണ്ട്. ഓർമ്മ നഷ്ടപ്പെടുന്നവർ, ചലനശേഷി നഷ്ടപ്പെടുന്നവർ, കണ്ണുകാണാത്തവർ, കാതുകേൾക്കാത്തവർ എന്നിങ്ങനെയുള്ള വൃദ്ധജനങ്ങൾ ഏറുകയാണ്. ജീവിതശൈലീരോഗങ്ങളും ഇന്ന് വൃദ്ധരായവരെ ബാധിക്കുന്നുണ്ട്. കാൻസർ പോലുള്ള രോഗങ്ങളും വൃദ്ധരായവർ അനുഭവിക്കുന്നു. ഇത്തരം രോഗങ്ങൾ അനുഭവിക്കുന്നതിൽ നിന്നുള്ള മാനസികപ്രശ്നങ്ങളും അവരെ വിടാതെ പിന്തുടരുന്നു എന്നത് വേദനാജനകമാണ്.

വാർദ്ധക്യകാലരോഗങ്ങളെപ്പറ്റി വിശദമായി പഠനങ്ങൾ നടത്തുകയും, വാർദ്ധക്യകാലരോഗങ്ങൾക്ക് ഒരു നൂതന സമഗ്രചികിത്സാപദ്ധതി ആവിഷ്കരിക്കുകയും ചെയ്യുന്ന 'ജറിയാട്രിക് മെഡിസിൻ' ഇന്ന് കൂടുതൽ പ്രചാരത്തിലാകുകയാണ്. ദീർഘകാല രോഗങ്ങളെപ്രത്യേകമായി കണ്ട്, ദീർഘകാലരോഗികളുടെ ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവും ആത്മീയവുമായ പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തി സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അവരോടൊപ്പം ജീവിതാവസാനം വരെ സഞ്ചരിക്കുന്നതിന് പര്യാപ്തമാക്കുന്ന 'പാലിയേറ്റീവ് കെയർ' വൈദ്യശാസ്ത്രശാഖ, 'ജറിയാട്രിക് മെഡിസിൻ' എന്ന വൈദ്യശാസ്ത്ര ശാഖയുമായി ചേർന്ന് 'ജറിയാട്രിക് പാലിയേറ്റീവ് കെയർ' ഇന്ന് വയോജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമാകുന്ന സംവിധാനമായി വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്നു.

വയോജനങ്ങളുടെ പാലിയേറ്റീവ് കെയറിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരും ടീം അംഗങ്ങളും വയോജനങ്ങളോടൊത്തു കൂടുതൽ സമയം ചെലവഴിക്കുന്നതിനും, രോഗലക്ഷണങ്ങളെക്കുറിച്ചും രോഗം ബാധിച്ച



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങളെക്കുറിച്ചും കൂടുതൽ സമയം സംസാരിക്കണം. ഈ വിഷയത്തിൽ വിദഗ്ധപരിശീലനം നേടിയ ഡോക്ടറുമായി ആശയവിനിമയം നടത്തേണ്ടതുമുണ്ട്. അതുവഴി കഴിയുന്നത്ര രോഗലക്ഷണങ്ങൾ ശമിപ്പിക്കുന്നതിനാവണം. അതിലൂടെ രോഗിയുടെ ജീവിതാന്ത്യത്തിൽ സംഭവിക്കുന്ന വിവിധ ലക്ഷണങ്ങൾ എങ്ങനെ ശമിപ്പിക്കാം എന്ന് നിത്യപരിചാരകരേയും ബന്ധുമിത്രാദികളേയും മനസ്സിലാക്കിക്കൊടുക്കുന്നതിനാവും. രോഗിയുടെ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിന് അവർക്ക് കൂടുതൽ ശ്രദ്ധചെലുത്താനും കഴിയും.

വൃദ്ധരുടെ ചികിത്സയുമായി ബന്ധപ്പെട്ട ചില സ്വകാര്യആശുപത്രികൾ നടത്തുന്ന കൊടിയ ചൂഷണങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്. അന്ത്യനിമിഷത്തിൽ പോലും ഐ.സി.യു.വിനകത്ത് ഭീതിയോടെ, പ്രിയപ്പെട്ടവർ ആരും കൂടെയില്ലാതെ മരിക്കാനുള്ള വിധിയും സത്യത്തിൽ ഭയാനകമാണ്. അനിവാര്യമായ ഘട്ടത്തിലൊഴികെ, ജാടയും പത്രാസും പറയുവാൻ വേണ്ടി ഐ.സി.യു.വിനുള്ളിലാക്കി ലക്ഷങ്ങൾ മാതാപിതാക്കൾക്കുവേണ്ടി ചെലവഴിക്കുന്നതിൽ ഒരർത്ഥവുമില്ല. ജീവിച്ചിരിക്കുമ്പോൾ നൽകാത്ത സ്നേഹത്തിന് ഇത് പകരമാവില്ല. പ്രിയപ്പെട്ടവർ ചുറ്റുമിരുന്ന് സന്തോഷത്തോടെ മരിക്കുവാൻ അവരെ അനുവദിക്കുന്നതാവും കൂടുതൽ നല്ലത്.

**ആത്മീയാവശ്യങ്ങൾ:** വൃദ്ധരുടെ ആത്മീയമായ ആവശ്യങ്ങൾ നിറവേറ്റുവാൻ മക്കൾക്കും, ബന്ധുക്കൾക്കും സമൂഹത്തിനും കടമയുണ്ട്. അവർ ഏതു മതവിശ്വാസിയുമാകട്ടെ, മക്കൾ നിരീശ്വരവാദിയുമാകട്ടെ, മാതാപിതാക്കളുടെ താത്പര്യമനുസരിച്ചുള്ള അവരുടെ ആത്മീയാവശ്യങ്ങൾ ആവശ്യമുള്ള സമയങ്ങളിൽ നാം ചെയ്തുകൊടുത്തേ മതിയാവൂ. വി. കുമ്പസാരം, വി. കുർബ്ബാന, ഇഷ്ടപ്പെടുന്ന ആത്മീയ സ്ഥലങ്ങളുടെ സന്ദർശനം എന്നിവയൊക്കെ കഴിയുമെങ്കിൽ സമയം കണ്ടെത്തി അവർക്ക് സാധിച്ചുകൊടുക്കണം.

| | |
|---|---|
| ജനുവരി 6 | ദനഹാത്തിരുനാൾ |
| ജനുവരി 18 | സഭൈക്യവാരം തുടങ്ങുന്നു |
| ജനുവരി 20 | വി. സെബസ്ത്യാനോസ് |
| ജനുവരി 22 | മൂന്നു നോമ്പ് |
| ജനുവരി 24 | വി. ഫ്രാൻസിസ് സാലസ് |
| ജനുവരി 25 | സഭൈക്യവാരം അവസാനിക്കുന്നു |
| ജനുവരി 26 | വി. തിമോത്തേയോസും വി. തീത്തൂസും |
| ഫെബ്രു. 02 | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ) |

# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ ദനഹാക്കാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈശോയുടെ മാമ്മോദീസായും അതിനോടനുബന്ധിച്ചു നടന്ന വെളിപ്പെടുത്തലുകളും, അതേത്തുടർന്ന് ഈശോ നയിച്ച പരസ്യജീവിതവും നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന കാലഘട്ടമാണ് ദനഹാക്കാലം. ഈശോയുടെ മാമ്മോദീസാനുഭവം നമ്മുടെ മാമ്മോദീസാനുഭവത്തിന്റെ മുന്നോടിയും മാതൃകയുമാണ്. ദൈവപിതാവിന്റെ ഭവനമാകുന്ന സ്വർഗ്ഗം നമുക്കായി തുറക്കപ്പെടുന്നു. പരിശുദ്ധാത്മാവിനാൽ നാം ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലേക്കു പ്രവേശിക്കുന്നു. നിലയ്ക്കാത്ത പ്രസാദവുമായി ദൈവപിതാവ് നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നു. സ്വർഗ്ഗീയമായ ഈ പിതൃപുത്രബന്ധമാണ് പരസ്യജീവിതത്തിലുടനീളം ഈശോ അനുഭവിച്ചതും ആസ്വദിച്ചതും. സുഖദുഃഖസമ്മിശ്രമായ ഈലോക ജീവിതാനുഭവങ്ങളെ ശാന്തമായി നേരിടാൻ ഈശോയ്ക്കു കരുത്തുനല്കിയതും ഈ ബന്ധമാണ്. തന്റെ പരസ്യജീവിതാവസാനത്തിൽ ഈശോ പറഞ്ഞ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: “നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയുണ്ട്” (യോഹ 16,32). നമ്മുടെ അജപാലനശുശ്രൂഷാജീവിതത്തിൽ നേരിടേണ്ടിവരുന്ന സുഖദുഃഖസമ്മിശ്രമായ അനുഭവങ്ങളെ വേണ്ടവിധം നേരിടാൻ നമുക്ക് കരുത്തേകുന്നതും ഈ ബന്ധമായിരിക്കണം. അപ്രകാരമുള്ള ബന്ധത്തിൽനിന്നും കരുത്താർജ്ജിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കും പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ 2017 നവംബർ 10 മുതൽ 24 വരെ തീയതികളിൽ അമേരിക്കയിലും കാനഡയിലും ഔദ്യോഗിക സന്ദർശനം നടത്തി. 13,14 തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ അമേരിക്കൻ വൈദികരെ സന്ദർശിച്ചതിനുശേഷം 15 ന് ചിക്കാഗോയിലേക്കു പോയി. 16-ാം തീയതി ചിക്കാഗോയിലെ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടൊപ്പം രൂപതയിലെ വൈദികരെ സംബോധന ചെയ്യുകയും സെനക്കിൾ ആദ്ധ്യാത്മികതയെപ്പറ്റി അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. 17 ന് ചിക്കാഗോയ്ക്കടുത്തുള്ള ‘ജൂലിയറ്റ്’ ലത്തീൻരൂപതാ ബിഷപ്പിനെയും അവിടെയുള്ള ഇൻസ്റ്റിറ്റ്യൂട്ടംഗമായ വൈദികനെയും സന്ദർശിച്ചു. 18 ന് ചിക്കാഗോയിൽനിന്നും കാനഡയിലെ ‘ടൊരോന്തോ’യിലേക്കു പോവുകയും അവിടെയുള്ള അപ്പസ്തോലിക് ഒബ്ലേറ്റ്സിനോടൊപ്പം താമസിച്ച് അവിടത്തെ സന്ദർശനങ്ങൾ നടത്തുകയും ചെയ്തു. 21 ന് കാനഡയിലെ സീറോ മലബാർ എക്സാർക്കേറ്റ് ബിഷപ് മാർ കല്ലുവേലിൽ ജോസ് മെത്രാനോടൊപ്പം അവിടത്തെ വൈദികരെ സംബോധന ചെയ്ത് സെനക്കിൾ ആദ്ധ്യാത്മികതയെക്കുറിച്ചു സംസാരിച്ചു. മാർ കല്ലുവേലിൽ പിതാവിനോടൊപ്പം ‘ടൊരോന്തോ’ ആർച്ചുബിഷപ്, കാർഡിനൽ തോമസ് കോള്ളിൻസിനെയും സന്ദർശിക്കുകയുണ്ടായി. ‘അമേരിക്ക, കാനഡ സന്ദർശനം പൂർത്തിയാക്കി നവംബർ 25-ാം തീയതി മല്പാനച്ചൻ ഇന്ത്യയിൽ തിരിച്ചെത്തി. 2017 ഡിസംബർ 12-ാം തീയതി ഇറ്റലിയിലുള്ള സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ ‘ഫാദർ ആർക്കാഞ്ചെലോ തുമ്മിനാരോ’ മരണംമൂലം വേർപെട്ട് സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലേക്കു പോയി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ദൈവം അദൃശ്യനാണോ?

**കെ.ജി. റപ്പായി**
**മുള്ളുണ്ട്, മുംബൈ**

ദൈവം അദൃശ്യനാണോ? അപ്രസക്തമായ ഒരു ചോദ്യമായേ പ്രഥമ ദൃഷ്ടിയിൽ ഇതിനെ നമുക്കു വിചാരിക്കാൻ സാധിക്കുകയുള്ളു. കാരണം ദൈവം അദൃശ്യനാണെന്നതിന് എന്താ ഇത്ര സംശയം? എന്നാൽ നമ്മുടെ നഗ്നനേത്രങ്ങൾകൊണ്ടു കാണുവാൻ കഴിയുന്നില്ല എന്ന ഒരൊറ്റ കാരണത്താൽ ദൈവം അദൃശ്യനായി നിലകൊള്ളുന്നുവെന്ന് നമുക്ക് പറയുവാൻ കഴിയുമോ? വായിക്കാൻ കഴിയാത്ത ഒരുവൻ, ശക്തിയേറിയ കണ്ണടയുടെ സഹായത്താൽ വായിക്കുന്നില്ലേ? മൈക്രോസ്കോപ്പുകൾപോലെയുള്ള ഉപകരണങ്ങൾ കണ്ടുപിടിക്കുന്നതുവരെ സൂക്ഷ്മജീവികളെ നമുക്കു കാണാൻ കഴിഞ്ഞിരുന്നില്ല. അതിനർത്ഥം, ആ ജീവികൾക്ക് അതുവരെ അസ്തിത്വമില്ലായിരുന്നു എന്നാണോ? നമ്മുടെ കണ്ണുകൾക്ക് ആവശ്യകമായ കാഴ്ച്ചശക്തിയില്ലാത്തതുകൊണ്ട് നമുക്കവയെ കാണാൻ കഴിഞ്ഞിരുന്നില്ല എന്നുമാത്രം. വാസ്തവത്തിൽ, ഇല്ലായ്മയിൽനിന്നും എല്ലാം സൃഷ്ടിച്ച ദൈവം അവയെ എല്ലാത്തിനെയും തികച്ചും വിസ്മൃതിയിൽ ആക്കുന്നതുവരെ, ദൃശ്യനായിതന്നെ തുടരും, തന്റെ പൂർണ്ണരൂപത്തിലല്ലെങ്കിലും. കാരണം, നാം ഈ കാണുന്നതും കാണാത്തതുമായ പ്രപഞ്ചംമുഴുവനും

ദൈവത്തിന്റെ അവയവങ്ങളും അലങ്കാരങ്ങളുമാണല്ലോ. തികച്ചും വിസ്മൃതിയിലാക്കുകയെന്നാൽ, ഇല്ലായ്മയുടെ പൂർണ്ണത കൈവരിക്കുകയെന്നർത്ഥം. വാസ്തവത്തിൽ ഇല്ലായ്മയുടെ പൂർണ്ണത ഉള്ളതിന്റെ പരിപൂർണ്ണതയുമാണല്ലോ!

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണെന്നു തോന്നുന്നു, അതിശയകരമായ ആ പ്രതിഭാസം ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചത്. ശക്തിയേറിയ മൈക്രോസ്കോപ്പുകളും മറ്റനവധി ഉപകരണങ്ങളും ഉപയോഗിച്ച് സൂക്ഷ്മനിരീക്ഷണം ചെയ്യുമ്പോഴാണ് അതിഭയാനകമായ ആ അപൂർവ്വദൃശ്യം അവർ കണ്ടത്. ബ്രഹ്മാണ്ഡത്തിലെ ഏതോ ഒരു പ്രത്യേക പോയിന്റിലേക്കു അതിനുചുറ്റും സ്ഥിതി ചെയ്യുന്ന എല്ലാ വസ്തുക്കളും-ഗ്രഹങ്ങളും നക്ഷത്രങ്ങൾപോലും-അതിവേഗതയിൽ ഓടിവന്നു നിപതിച്ചുകൊണ്ടിരിക്കുന്ന പേടിപ്പെടുത്തുന്ന ഒരു കാഴ്ച്ച! വിശന്നിരിക്കന്ന ഒരു രാക്ഷസൻ തന്റെ കൈയെത്താവുന്ന ദൂരത്തുനിൽക്കുന്ന എല്ലാത്തിനെയും വാരി വിഴുങ്ങുന്നതുപോലെയുള്ള ഒരു കാഴ്ച്ച! ബാധപിടിച്ചതുപോലെ, ഇവയെല്ലാം ഓടിയോടി വന്നു ഒരു പ്രത്യേക സ്ഥലത്ത് പിടഞ്ഞുവീണ് വിസ്മൃതിയിലാണ്ടു പോകുന്നു! അത്യധികം കാന്തശക്തിയുള്ള ഏതോ ഒന്ന് ഇവയെ മാടിവിളിക്കുന്നു; സ്വപ്നാടനത്തിലെന്നപോലെ ഇവയെല്ലാം അവിടേക്കു ആകർഷിക്കപ്പെടുന്നു. എന്നാൽ പിന്നീട് അവയെ കാണുന്നില്ല. ആദ്യമൊന്നും ശാസ്ത്രജ്ഞൻമാർക്ക് ഇതെന്തു പ്രതിഭാസമാണെന്ന് ഒരു പിടിയും കിട്ടിയില്ല. പിന്നീട് അവർ ഒരു നിഗമനത്തിൽ എത്തിച്ചേരുകയും "ബ്ളാക്ക് ഹോൾ' എന്ന് ഈ പ്രതിഭാസത്തിന് ഒരു ഓമനപ്പേരു കൊടുക്കുകയും ചെയ്തു.

അത്യഗാധമായ ഇരുട്ടറ. ഈ ഇരുട്ടറയിൽ പെടുന്നതുവരെ, നാനാദിക്കുകളിൽ നിന്നും പാഞ്ഞുവരുന്ന ഈ വസ്തുക്കളെയെല്ലാം ശാസ്ത്രജ്ഞൻമാർക്ക് കാണാൻ കഴിഞ്ഞിരുന്നു. എന്നാൽ അതിനുശേഷം അവ എവിടെപ്പോയി മറഞ്ഞുവെന്നുമാത്രം അവർക്കു മനസിലായില്ല. അവ നിശേഷം ഇല്ലാതായോ? ഇല്ലാതെയായി എന്നു പറയുന്നത് സാമാന്യബുദ്ധിക്കു നിരക്കുന്നതല്ല. അവ തീർച്ചയായും നിലനിൽക്കുന്നു എന്നനുമാനിക്കുന്നതിൽ തെറ്റില്ല. ഒരുപക്ഷേ മറ്റൊരു രൂപത്തിലായെന്നുവരാം.

മരണശേഷം നമ്മുടെ ശരീരത്തിന് എന്തു സംഭവിക്കുന്നു? പഞ്ചഭൂതങ്ങളിൽ ലയിക്കുന്നു എന്നു പറയപ്പെടുന്നു. ശരീരത്തിൽ നിലനിൽക്കുന്ന ചേതന മരണശേഷവും നിലനില്ക്കുന്നു - നമുക്കു കാണുവാൻ കഴിയുന്നില്ലെങ്കിലും... ഈശ്വര സാന്നിധ്യം വളരെ വ്യക്തമായി തെളിയുന്നുണ്ടെങ്കിലും പൂർണ്ണമായ ഈശ്വരദൃശ്യം അസാദ്ധ്യമായിതന്നെ തുടരുന്നു.

നിഷ്കളങ്കതയുടെ പരമകാഷ്ഠയിൽ, ഭക്തിയുടെ പാരമ്യത്തിൽ, ദൈവത്തെ നമുക്ക് കാണാൻ കഴിയുമെന്ന് മഹതികൾ ഉറപ്പിച്ചു പറയുന്നു. പരസ്നേഹത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയ്ക്കു മാത്രമേ നമ്മെ അതിലേക്കു നയിക്കുവാൻ സാധിക്കുകയുള്ളു. പാപത്തിൽ പെടുന്നതുവരെ, ആദിമാതാപിതാക്കൾക്ക് ഈ ദൃശ്യം സാധ്യമായിരുന്നു. പാപം ദൈവത്തെ നമ്മിൽ നിന്നും മറയ്ക്കുന്നതുകൊണ്ട് അവിടുത്തെ




കാണുവാൻ പാപപങ്കിലമായ അവസ്ഥയിൽ നമുക്കു സാധിക്കാതെവരുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവം പ്രത്യക്ഷമാകുന്ന സന്ദർഭങ്ങളുണ്ട് – നമുക്കു കാണുവാൻ സാധിക്കുംവിധം, കേൾക്കുവാൻ സാധിക്കുംവിധം, മറനീക്കി പുറത്തുവരുന്ന – ദൈവത്തെ നാം കാണുന്നുണ്ട്. ഭക്തിയാകുന്ന ടോർച്ചിന്റെ ശക്തിയായ വെളിച്ചത്തിൽ നമുക്ക് ദൈവത്തെ കാണുവാൻ തീർച്ചയായും കഴിയും. തീക്ഷ്ണമായ പ്രാർത്ഥനയിൽ ഏകാഗ്രചിത്തരാകുമ്പോൾ ദൈവം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഉഗ്രതപസ്സു ചെയ്യുന്ന തന്റെ ഭക്തന്റെ മുമ്പിൽ ദൈവം ഒടുവിൽ പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും.

ആവശ്യമുള്ളവനെ അവന്റെ ആവശ്യങ്ങളിൽ സഹായിക്കുമ്പോൾ അവന് നാം ദൈവസാന്നിദ്ധ്യമാണ്. വിശക്കുന്നവന്റെ വിശപ്പ് ശമിപ്പിക്കുന്നതിനേക്കാൾ വലിയ ഭക്തിയില്ല എന്നു പറയാറുണ്ടല്ലോ. വിശപ്പ് ശമിക്കുമ്പോൾ, വിശന്നിരുന്നവന്റെ മുഖത്തു വിരിയുന്ന കൃതജ്ഞതാനിർഭരമായ സ്നേഹത്തിൽ നമുക്കു ദൈവത്തെ പൂർണ്ണമായും ദർശിക്കാം. അതെ, തീർച്ചയായും ദൈവം ദൃശ്യനാണ്. സ്നേഹമാണ് ദൈവം; സ്നേഹം ദൃശ്യവുമാണ്.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# ആദരാഞ്ജലികൾ



## ശ്രീ. എം. സി. ഇൽഡഫോൺസ് വെള്ളാക്കൽ

**07 – 12 – 2017**

കോട്ടയം സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്ന അന്തർദ്ദേശീയ അസ്സോസിയേഷന്റെ ഇന്ത്യയിലെ പ്രഥമ അംഗങ്ങളിലൊരാളും പ്രഥമ നാഷണൽ മേജർ ബ്രദറുമായിരുന്ന ശ്രീ. എം. സി. ഇൽഡഫോൺസ് സാറിന്റെ വേർപാടിൽ 'പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബം' ഒന്നുചേർന്ന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തികഞ്ഞ സഭാസ്നേഹിയും മനുഷ്യസ്നേഹിയും സാമൂഹ്യപ്രവർത്തകനുമായിരുന്നു അദ്ദേഹം. സത്യസന്ധതയും ആത്മാർത്ഥതയും വിശ്വസ്തതയും കഠിനാദ്ധ്വാനവും അദ്ദേഹത്തിന്റെ എല്ലാ കർമ്മമണ്ഡലങ്ങളിലും വിളങ്ങിനിന്നിരുന്ന പവിഴമുത്തുകളാണ്. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കിയ അദ്ദേഹം തന്റെ ജ്ഞാനവും കഴിവുകളും മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നതിൽ സദാ തല്പരനായിരുന്നു. തന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുക എന്നതിൽക്കവിഞ്ഞ് തന്റെ കുടുംബത്തിനുവേണ്ടി ഒന്നുംതന്നെ അദ്ദേഹം സമ്പാദിച്ചില്ല. രോഗശയ്യയിൽ ആയിരുന്നപ്പോഴും ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ച് മറ്റുള്ളവരെ ഉദ്ബുദ്ധരാക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. തന്റെ അവസാനഗ്രന്ഥം പ്രസ്സിൽ കൊടുത്ത് അത് അച്ചടിക്കുവാൻവേണ്ട തുകയും കൊടുത്തതിനുശേഷമാണ് അദ്ദേഹത്തിന്റെ വേർപാട് സംഭവിച്ചത്.

കാഞ്ഞിരപ്പള്ളി, പാലാ, ചങ്ങനാശ്ശേരി രൂപതകളിലെ സാമൂഹ്യപ്രവർത്തനമേഖലകളിലും സഭാസംഘടനകളിലും അദ്ദേഹം നിരന്തരം സേവനംചെയ്തു. റെഡ് ക്രോസ് സൊസൈറ്റിക്ക് അദ്ദേഹം ചെയ്ത സംഭാവനകൾ അവർണ്ണനീയമാണ്. അദ്ദേഹത്തിന്റെ വേർപാട് എല്ലാവർക്കും, പ്രത്യേകിച്ച് അദ്ദേഹം അംഗമായിരുന്ന സോഷ്യൽ ആനിമേറ്റേഴ്സ് സമൂഹത്തിനും ഒരു വലിയ നഷ്ടമാണ്. പള്ളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി സാമൂഹ്യമണ്ഡലങ്ങളിൽനിന്നും വിരമിച്ച അദ്ദേഹം ഇന്ന് വിശുദ്ധിയുടെ ഡെവലപ്മെന്റ് ഓഫീസറായി സ്വർഗത്തിൽ വ്യാപരിക്കുകയാണ്. സ്വർഗ്ഗീയപിതാവിന്റെ ആരാധ്യമായ തിരുഹിതത്തിനു മുമ്പിൽ നമുക്കു ശിരസ്സു നമിക്കാം.




**അശ്വതി പുതുമന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: *ഈശോയെ നമുക്കു നൽകിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ദൈവകുമാരനെ ഉദരത്തിലും ഹൃദയത്തിലും വഹിച്ച സക്രാരിയേ, ഈശോയെ സ്വീകരിക്കുന്നവരും മറ്റുള്ളവർക്ക് ഈശോയെ കൊടുക്കുന്നവരുമാകാൻ ഞങ്ങളെ പഠിപ്പിക്കണേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിക്കുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

കാനായിലെ കല്യാണവിരുന്നിൽ ആ കുടുംബത്തിന്റെ മാനക്കേടുമാറ്റാൻ ഈശോയുടെ പക്കൽ മാദ്ധ്യസ്ഥ്യം യാചിച്ചവളേ, ഞങ്ങളുടെ സഹോദരങ്ങളുടെ കുറവുകളിൽ അവരെ സഹായിക്കാൻ ഞങ്ങളെ പഠിപ്പിക്കണേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *സഹനങ്ങളെ അനുഗ്രഹങ്ങളാക്കി മാറ്റിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

കുരിശിൻ ചുവട്ടിൽനിന്നും മൗനമായി സഹിച്ചവളേ, ഞങ്ങളുടെ ജീവിത സഹനങ്ങളെ പരാതി കൂടാതെ സ്വീകരിക്കാൻ ഞങ്ങളെ പഠിപ്പിക്കണേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *തന്റെ തിരുക്കുമാരൻ ഉയിർക്കുമെന്ന പ്രത്യാശയിൽ കാത്തിരുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

തന്റെ തിരുക്കുമാരന്റെ ഉത്ഥാനത്തിൽ ആഹ്ലാദിച്ചവളേ, ജീവിതത്തിലെ കുറവുകളെ മാത്രം ശ്രദ്ധിക്കുന്നവരാകാതെ ദൈവം നൽകിയ നന്മകളോർത്തു ദൈവത്തെ സ്തുതിക്കാൻ വേണ്ട കൃപ ലഭിക്കുന്നതിനായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *ജീവിതം ദൈവഹിതമാക്കി മാറ്റിയ പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം.*

സർവ്വ മഹത്ത്വത്തോടെ സ്വർഗാരോപിതയായവളേ, ദൈവത്തെ മഹത്ത്വപ്പെടുത്തി അവസാനം അവനിൽ വിലയം പ്രാപിക്കുവാൻ ഞങ്ങളെ സഹായിക്കണേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

# ദൈവദാസൻ
# ബിഷപ് വില്യം ജക്വീന്താ



## പിതൃമൊഴി

എവിടെ സഹോദരങ്ങളുടെ നേർക്കു യഥാർത്ഥമായ സ്നേഹം ഉണ്ടോ, അവിടെ വ്യക്തിമാഹാത്മ്യ വാദമോ, തന്നെക്കുറിച്ചുതന്നെയുള്ള അമിതമായ മതിപ്പോ, മറ്റുള്ളവരിൽ കുറ്റം ആരോപിക്കലോ, വിധിക്കലോ, അവജ്ഞ കാണിക്കലോ, ഒന്നും ഉണ്ടാവുകയില്ല.

നമ്മുടെ ഉത്പത്തിയും അസ്തിത്വവും സ്രഷ്ടാവായ ഏക ദൈവത്തിൽ നിന്നാണ്. അതിനാൽ നാം എല്ലാവരും സഹോദരാണ്. സഹോദരരായ നാം പരസ്പരം ആത്മാർത്ഥമായും പൂർണമായും വീരോചിതമായി പോലും സ്നേഹിക്കുവാൻ കടപ്പെട്ടവരാണ്. ഇതാണ് ആദ്ധ്യാത്മിക സാഹോദര്യം.



RNI: KERMAL/2014/59983
Published on
24th December 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവായ ദൈവമേ, യോർദ്ദാനിൽ
നിന്റെ സ്വരംവഴിയും സാന്നിദ്ധ്യംവഴിയും ആവാസം
വഴിയും മാനവവംശത്തിനു മുമ്പിൽ ആവിഷ്കൃതനായ
ത്രിത്വൈകദൈവമേ, നിന്റെ ആരാധ്യമായ നാമത്തിനു
യോജ്യമാംവിധം സ്തുതികളർപ്പിക്കുവാൻ ഞങ്ങൾ
അശക്തരാകുന്നു. പ്രകാശത്തിന്റെ സ്രഷ്ടാവായ നിന്റെ
പ്രത്യക്ഷീകരണത്താൽ പ്രഭാപൂരിതമായ
സൃഷ്ടപ്രപഞ്ചത്തോടും അഗ്നിമയന്മാരായ
സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന് നിനക്ക് സ്തുതിയുടെ
കീർത്തനങ്ങൾ ഇടവിടാതെ ആലപിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കണമേ".
(എന്താനാ, ദനഹാക്കാലം-വെള്ളി)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O,
Kottayam - 686 018, Printed at WiGi Printers, Manganam P.O,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal